06
2024
ഡിസംബർ
വെള്ളി
വൃശ്ചികം 21

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.21 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-21 പേജ് 4. വില 2.00 രൂപ




02 തദ്ദേശ വാർഡ് വിഭജനം : ആകെ 16896 പരാതികൾ ലഭിച്ചു

03 ഐഎഫ്എഫ്കെ: സ്പിരിറ്റ് ഓഫ് സിനിമ അവാർഡ് പായൽ കപാഡിയയ്ക്ക്

04 പരമാവധി പേർക്ക് സൗജന്യ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുക ലക്ഷ്യം: മന്ത്രി വീണാ ജോർജ്

# സിൽവർലൈൻ: പ്രാഥമിക ചർച്ച പോസിറ്റീവെന്ന് കെ റെയിൽ

കൊച്ചി : സിൽവർലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് കെ റെയിൽ അധികൃതരുമായി ദക്ഷിണറെയിൽവേ ചർച്ച നടത്തി. പ്രാഥമിക ചർച്ച പോസിറ്റീവാണെന്നും പദ്ധതിയുമായി ബന്ധപ്പെട്ട് കൂടുതൽ ചർച്ചകൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷയെന്നും കെ റെയിൽ എംഡി അജിത് കുമാർ പറഞ്ഞു.



എറണാകുളത്തെ ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസിലെ യോ?ഗത്തിന് ശേഷം മാധ്യമങ്ങളോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം. റെയിൽവേ നിർമാണ വിഭാഗം ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഷാജി സക്കറിയയുമായാണ് കെ റെയിൽ എംഡി ചർച്ച നടത്തിയത്.

അർധ അതിവേഗ റെയിൽപ്പാതയായ സിൽവർലൈൻ സ്റ്റാഡേഡ് ഗേജായാണ് നിർമിക്കാനിരുന്നത് . ചരക്ക് ട്രെയിനുകളും പാസഞ്ചർ ട്രെയിനുകളും വന്ദേഭാരത് ട്രെയിനുകളും ഓടിക്കാൻ കഴിയുന്ന വിധം ബ്രോഡ്ഗേജ് നിർമിക്കണമെന്നാണ് റെയിൽവേയുടെ നിർദേശം. കൃത്യമായ ഇടവേളകളിൽ ഇരുദിശകളിലേക്കും 220 കിലോമീറ്റർ വേഗത്തിൽ ട്രെയിൻ ഓടിക്കണമെന്നുള്ളതാണ് സിൽവർലൈൻ പദ്ധതി.

## ആലപ്പുഴ വാഹനാപകടം: ഒരു വിദ്യാർഥി കൂടി മരിച്ചു, മരണം ആറായി

കൊച്ചി: ആലപ്പുഴ വാഹനാപകടത്തിൽ ഒരു വിദ്യാർഥി കൂടി മരിച്ചു. എടത്വ സ്വദേശി ആൽവിൻ ജോർജാണ് മരിച്ചത്. കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെയാണ് മരണം.

ഇതോടെ അപകടത്തിൽ മരിച്ച വിദ്യാർഥികളുടെ എണ്ണം ആറായി. പരിക്കേറ്റ മൂന്ന് പേർ ചികിത്സയിൽ തുടരുന്നുണ്ട്. കളർകോട് കെഎസ്ആർടിസി ബസും കാറും കൂട്ടിയിടിച്ചായിരുന്നു അപകടം.

കെഎസ്ആർടിസി സൂപ്പർ ഫാസ്റ്റ് ബസിലേക്ക് കാർ ഇടിച്ചുകയറുകയായിരുന്നു. കാറിലുണ്ടായിരുന്ന ഒന്നാം വർഷ എംബിബിഎസ് വിദ്യാർഥികളാണ് മരിച്ചത്. ആൽവിനെ കൂടാതെ മുഹമ്മദ് ഇബ്രാഹിം (ലക്ഷദ്വീപ്), മുഹമ്മദ് ജബ്ബാർ (കണ്ണൂർ), ആയുഷ് ഷാജി (ആലപ്പുഴ), ദേവാനന്ദ് (മലപ്പുറം), ശ്രീദീപ് (പാലക്കാട്) എന്നിവരാണ് അപകടത്തിൽ മരിച്ചത്.

## ’കടൽ സുന്ദരികളെ’ കൃത്രിമമായി പ്രജനനം നടത്താം

### സമുദ്ര അലങ്കാരമത്സ്യങ്ങളുടെ വിത്തുൽപാദന സാങ്കേതികവിദ്യയുമായി സിഎംഎഫ്ആർഐ അക്വേറിയം ബിസിനസ് രംഗത്ത് പുത്തനുണർവാകും

കൊച്ചി: സമുദ്ര അലങ്കാരമത്സ്യ മേഖലയിൽ നിർണായക നേട്ടവുമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). ഉയർന്ന വിപണി മൂല്യമുള്ള കടൽ വർണമത്സ്യങ്ങളായ ഡാംസെൽ, ഗോബി വിഭാഗങ്ങളിൽപെട്ട രണ്ട് മീനുകളുടെ കൃത്രിമ വിത്തുൽപാദനം സിഎംഎഫ്ആർഐ വിജയകരമായി പൂർത്തിയാക്കി. അക്വേറിയങ്ങളിലെ കടൽ സുന്ദരികളായി അറിയപ്പെടുന്ന അസ്യൂർ ഡാംസെൽ, ഓർണേറ്റ് ഗോബി എന്നീ മീനുകളുടെ വിത്തുൽപാദന സാങ്കേതികവിദ്യയാണ് സിഎംഎഫ്ആർഐയുടെ വിഴിഞ്ഞം പ്രാദേശിക കേന്ദ്രത്തിലെ ഗവേഷകർ വികസിപ്പിച്ചത്.

അക്വേറിയം ഇനങ്ങളിൽ ആവശ്യക്കാരേറെയുള്ളതും അലങ്കാരമത്സ്യ പ്രേമികളുടെ ഇഷ്ട മീനുകളുമാണ് ഇവ രണ്ടും. ആകർഷകമായ വർണങ്ങളും ചലനങ്ങളിലെ ചടുലതയുമാണ് ഇവയെ അക്വേറിയം മീനുകളിലെ സുന്ദരികളാക്കി മാറ്റുന്നത്. കടലിൽ പവിഴപ്പുറ്റുകളോടൊപ്പമാണ് അസ്യൂർ ഡാംസലിന്റെ ആവാസകേന്ദ്രം. കടുംനീല-മഞ്ഞ നിറങ്ങളും നീന്തുന്ന രീതികളുമാണ് പ്രധാന ആകർഷണീയത. അമിത ചൂഷണഫലമായി വംശനാശഭീഷണിക്കരികിലാണ്. ഒരു മീനിന് 350 രൂപ വരെയാണ് ഇതിന്റെ വില. വിദേശ വിപണിയിൽ മീനൊന്നിന് 25 ഡോളർ വരെ ലഭിക്കും.



അസ്യൂർ ഡാംസെൽ



ഓർണേറ്റ് ഗോബി

മറൈൻ അക്വേറിയങ്ങളിലെ ജനപ്രിയ മീനാണ് ഓർണേറ്റ് ഗോബി. തിളങ്ങുന്ന കണ്ണുകളും നീലയും തവിട്ട്-ചുവപ്പ്-വെള്ള നിറങ്ങളിലുള്ള പുള്ളികൾ കൊണ്ട് അലങ്കരിച്ച ശരീരവുമാണ് ഈ മീനിന്റെ ദൃശ്യഭംഗി കൂട്ടുന്നത്. കൗതുകകരമായ ചലനങ്ങളും പെരുമാറ്റവും കാരണം ടാങ്കുകളിൽ കാഴ്ചക്കാരെ ആകർഷിക്കും. അക്വേറിയങ്ങളിൽ അടിയുന്ന മണൽ തുടച്ചെടുത്ത് ടാങ്കുകളെ വൃത്തിയായി സൂക്ഷിക്കുന്നതിലും മിടുക്കിയാണ്. മീനൊന്നിന് 250 രൂപവരെ വിലയുണ്ട്.

ഉൽപാദനം കൂട്ടാനും കടലിൽ ഇവയുടെ അമിതചൂഷണം തടയാനും സിഎംഎഫ്ആർഐയുടെ പ്രജനന സാങ്കേതികവിദ്യ വഴിയൊരുക്കും. കടലിലെ റീഫ് ആവാസവ്യസ്ഥയെ സംരക്ഷിച്ച് നിർത്താനുമാകും.

അക്വേറിയം സംരംഭകർക്കും അലങ്കാരമത്സ്യ കർഷകർക്കും ഇവയുടെ വിത്തുൽപാദനം സ്വന്തമായി നടത്താവുന്ന രീതിയിൽ സാങ്കേതികവിദ്യ സിഎംഎഫ്ആർഐ ആവശ്യാക്കാർക്ക് കൈമാറും. ഈ മേഖലയിലുള്ളവർക്ക് സാങ്കേതികവിദ്യ എളുപ്പത്തിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള പ്രോട്ടോകോളും സിഎംഎഫ്ആർഐ വികസിപ്പിച്ചിട്ടുണ്ട്. കർഷകരിലേക്ക് വ്യാപകമായി ഈ സാങ്കേതികവിദ്യ കൈമാറുന്നതിനും അവരെ പരിശീലിപ്പിക്കുന്നതിനും സിഎംഎഫ്ആർഐ ഒരുക്കമാണെന്ന് വിഴിഞ്ഞം പ്രാദേശിക കേന്ദ്രം മേധാവി ഡോ ബി സന്തോഷ് പറഞ്ഞു.

ഉയർന്ന ആവശ്യകതയും വിപണി മൂല്യവും താരതമ്യേന കുറഞ്ഞ ഉൽപാദനച്ചെലവുമാണ് ഈ മീനുകൾക്ക്. അതിനാൽ, ഇവയുടെ വിത്തുൽപാദനവും വിപണിയും സംരംഭകരെ ആകർഷിപ്പിക്കുന്നതാണ്. സിഎംഎഫ്ആർഐയുടെ സാമ്പത്തിക സാധ്യതാപഠനപ്രകാരം, 24000 മത്സ്യക്കുഞ്ഞുങ്ങളെ പ്രതിവർഷം ഉൽപ്പാദിപ്പിക്കുന്ന ഇടത്തരം വിത്തുൽപാദന യൂണിറ്റിൽ നിന്ന് ഏകദേശം 12 ലക്ഷം രൂപ വാർഷിക വരുമാനമുണ്ടാക്കാനാകും.



## പിഎസ്എൽവി സി ദൗത്യം വിജയം: പ്രോബ3 ഇരട്ട ഉപഗ്രഹം വിക്ഷേപിച്ചു

ഹൈദരാബാദ് : യൂറോപ്യൻ സ്പേസ് ഏജൻസിയുടെ സൗര നിരീക്ഷണ ഉപഗ്രഹങ്ങൾ വഹിച്ചുകൊണ്ടുള്ള പിഎസ്എൽവി 59 വിജയകരമായി വിക്ഷേപിച്ചു.

ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേയ്സ് സെന്ററിൽ നിന്ന് വൈകിട്ട് 4.08നാണ് പ്രോബാ 3 ഉഗ്രഹങ്ങളുമായി പിഎസ്എൽവി സി 59 റോക്കറ്റ് കുതിച്ചത്. ഇന്നലെയാണ് വിക്ഷേപണം തീരുമാനിച്ചിരുന്നതെങ്കിലും ബഹിരാകാശ പേടകത്തിൽ തകരാർ കണ്ടെത്തിയതിനെ തുടർന്ന് ദൗത്യം മാറ്റുകയായിരുന്നു. വിക്ഷേപണത്തിന് മിനിറ്റുകൾക്കു മുമ്പാണ് ദൗത്യം മാറ്റിവച്ചത്.

സൂര്യന്റെ കൊറോണയെ പറ്റി പഠിക്കാനുള്ള ഇരട്ട ഉപഗ്രഹങ്ങളാണ് ദൗത്യത്തിലുള്ളത്. കൃത്രിമമായി സൂര്യഗ്രഹണം സൃഷ്ടിച്ച് സൂര്യന്റെ പ്രഭാവലയത്തെ പറ്റി ഉപഗ്രഹം സൂക്ഷ്മമായി പഠിക്കും. 145 മീറ്റർ വ്യത്യാസത്തിലുള്ള ഭ്രമണപഥത്തിൽ ഇരു ഉപഗ്രഹങ്ങളും സഞ്ചരിച്ചാണ് ഇത് സാധ്യമാക്കുക. ഏറ്റവും ഉയരത്തിലുള്ള ദീർഘവൃത്താകൃതിയിലുള്ള ഭ്രമണപഥത്തിലാകും ഇവയെ ഉറപ്പിക്കുക. കുറഞ്ഞദൂരം 600ഉം കൂടിയ ദൂരം 6530 കിലോമീറ്ററുമായുള്ള പഥമാണിത്. ആയിരം കിലോമീറ്റർ ഉയരത്തിൽ ഉപഗ്രഹങ്ങളെ ആദ്യഘട്ടത്തിൽ എത്തിക്കും. രണ്ട് വർഷമാണ് കാലാവധി.

## പുഷ്പ 2 റിലീസിനിടെയുണ്ടായ ദുരന്തം; അല്ലു അർജുനെതിരെ കേസെടുക്കും

ഹൈദരാബാദ്: പുഷ്പ 2വിന്റെ പ്രീമിയറിനിടെ ഉണ്ടായ ദുരന്തത്തിൽ നടൻ അല്ലു അർജുനെതിരെ കേസ് എടുക്കും. അല്ലു അർജുന് പുറമെ സെക്യൂരിറ്റി ടീമിനും സന്ധ്യ തീയറ്റർ മാനേജ്മെൻറിനും എതിരെയും കേസെടുക്കും.

ജനക്കൂട്ടത്തെ നിയന്ത്രിക്കുന്നതിനായി ആവശ്യത്തിന് സുരക്ഷാമാനദണ്ഡങ്ങൾ സ്വീകരിക്കാത്തതിനാണ് തീയറ്റർ മാനേജ്മെൻറിനെതിരെ നടപടി. സംഭവത്തെക്കുറിച്ച് അല്ലു അർജുനോ തീയറ്റർ മാനേജ്മെൻറോ പ്രതികരിച്ചിട്ടില്ല.

അല്ലു അർജുൻ തീയറ്റർ സന്ദർശിക്കുമെന്ന് തീയറ്റർ മാനേജ്മെൻറിന്റെയോ നടന്റെ ടീമിന്റെയോ ഭാഗത്ത് നിന്നും അറിയിപ്പൊന്നും ലഭിച്ചിരുന്നില്ലെന്ന് ഹൈദരാബാദ് പോലീസ് കമ്മീഷണർ സി. വി. ആനന്ദ് പ്രസ്താവനയിൽ പറഞ്ഞു.

തീയറ്റർ മാനേജ്മെൻറിന് അവരുടെ വരവ് അറിയാമായിരുന്നിട്ടും നടനും സംഘത്തിനും വരാനും പോകാനും പ്രത്യേക സൗകര്യമൊരുക്കിയിരുന്നില്ലെന്നും പോലീസ് പറഞ്ഞു.

പുഷ്പ 2 റിലീസിനിടെയുണ്ടായ തിക്കിലും തിരക്കിലുംപെട്ട് മരിച്ചത് ഹൈദരാബാദ് ദിൽഷുക്നഗർ സ്വദേശിനി രേവതി (39)യാണ്. അപകടത്തിൽ ഭർത്താവ് ഭാസ്ക്കറിനും രണ്ട് മക്കൾക്കും പരിക്കേറ്റിട്ടുണ്ട്.

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ സുരക്ഷാ മേഖലക്കടുത്ത് നാടൻ ബോംബ് നിർമിച്ച നാലുപേർ അറസ്റ്റിൽ

വിഴിഞ്ഞം: അന്താരാഷ്ട്ര തുറമുഖത്തെ മുല്ലൂർ പരിധിയിലുള്ള സുരക്ഷാ മേഖലക്കടുത്ത് നാടൻ ബോംബ് നിർമിച്ചുകൊണ്ടിരുന്ന നാലംഗ സംഘത്തെ വിഴിഞ്ഞം പോലീസ് അറസ്റ്റു ചെയ്തു.നെട്ടത്താന്നി സ്വദേശി ശരത്(19), മുല്ലൂർ തോട്ടം സ്വദേശി അനീഷ് (25), കോളിയൂർ സ്വദേശി അജിത്(22), വിഴിഞ്ഞം കല്ലുവെട്ടാൻകുഴി സ്വദേശി ധനുഷ് (20) എന്നിവരെയാണ് അറസ്റ്റുചെയ്തത്.

പ്രതികളുടെ പക്കൽ നിന്ന് നാടൻ ബോംബുനിർമിക്കുന്നതിനുള്ള വസ്തുക്കളും രണ്ട് നാടൻ ബോംബുകളും, ഒരു വെട്ടുകത്തി, 30ഗ്രാം കഞ്ചാവും പോലീസ് എന്നിവ കണ്ടെടുത്തു. ഫോർട്ട് അസി. കമ്മീഷണറുടെ നിർദേശത്തെ തുടർന്ന് ബോംബ് ഡിറ്റക്ഷൻ സ്ക്വാഡും ഡോഗ് സ്ക്വാഡും സ്ഥലത്ത് എത്തി വിശദ പരിശോധന നടത്തി.

തോട്ടം ഭാഗത്തുള്ള ക്ഷേത്രത്തിന് സമീപത്ത് താമസിക്കുന്ന അഭിരാജിന്റെ വീട്ടുവളപ്പിലുടെയാണ് പ്രതികൾ പലപ്പോഴും രാത്രികാലങ്ങളിൽ സഞ്ചരിച്ച് തുറമുഖ പദ്ധതി പ്രദേശത്തിനടുത്ത് എത്തുന്നത്. ഇതുവഴി പതിവായി പോകുന്നത് അഭിരാജ് വിലക്കിയിരുന്നു. സുരക്ഷാമേഖയ്ക്കടുത്ത് യുവാക്കളുടെ സംഘത്തെ കണ്ടത് ഉദ്യോഗസ്ഥരിൽ സംശയമുണ്ടാക്കി. തുടർന്ന് തുറമുഖത്തെ ബാരക്കിലുള്ള പോലീസിനെ വിവരമറിയിച്ചു. ഇവരെത്തിയതോടെ സംഘം കടൽക്കരഭാഗത്തേക്ക് ഓടിമറഞ്ഞു. തുടർന്ന് സംഘം മടങ്ങാൻ ശ്രമിക്കുമ്പോഴാണ് എസ്.എച്ച്.ഒ.ആർ. പ്രകാശ്, എസ്.ഐ. മാരായ എം.പ്രശാന്ത്, ദിനേശൻ,സതീഷ്,എസ്.സി.പി.ഒ. മാരായ സാബു, സുരേഷ്, രഞ്ചിത് എന്നിവരുൾപ്പെട്ട സംഘം പിടികൂടിയത്. ഇവരിൽ രക്ഷപ്പെട്ട പ്രതിയെ രാത്രിയോടെ കോളിയൂർ ഭാഗത്ത് നിന്ന് പിടികൂടി. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡുചെയ്തു.





നിയമസഭാ മാധ്യമ അവാർഡ് വിതരണ ചടങ്ങ് ശങ്കര നാരായണൻ തമ്പി ഹാളിൽ സ്പീക്കർ എ എൻ ഷംസീർ ഉദ്ഘാടനം ചെയ്യുന്നു

# തദ്ദേശ വാർഡ് വിഭജനം : ആകെ 16896 പരാതികൾ ലഭിച്ചു

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിലെ കരട് വാർഡ് വിഭജന റിപ്പോർട്ട് സംബന്ധിച്ച് ആകെ 16896 പരാതികൾ ലഭിച്ചു.

ഏറ്റവും അധികം പരാതികൾ ലഭിച്ചത് മലപ്പുറം ജില്ലയിലാണ് - 2834 എണ്ണം. ഏറ്റവും കുറവ് ലഭിച്ചത് ഇടുക്കി ജില്ലയിലും- ആകെ 400. ഗ്രാമപഞ്ചായത്തുകളിൽ ആകെ 11874 ഉം, മുനിസിപ്പാലിറ്റികളിൽ 2864 ഉം, കോർപ്പറേഷനുകളിൽ 1607 ഉം പരാതികൾ ലഭിച്ചിട്ടുണ്ട്.

കോർപ്പറേഷനുകളിൽ തിരുവനന്തപുരം 874, കൊല്ലം 149, എറണാകുളം 129, തൃശൂർ 190, കോഴിക്കോട് 181, കണ്ണൂർ 84 പരാതികളാണ് ലഭിച്ചത്.

ഗ്രാമപഞ്ചായത്തുകളിൽ ഏറ്റവും കൂടുതൽ പരാതികൾ ലഭിച്ചത് ആനക്കയം ആണ്-96 എണ്ണം. ഏറ്റവും കൂടുതൽ പരാതികൾ ലഭിച്ച മുനിസിപ്പാലിറ്റി കൊടുവള്ളിയാണ്-308. സംസ്ഥാനത്തെ 30 ഗ്രാമപഞ്ചായത്തുകളിൽ പരാതികൾ ഒന്നും തന്നെയില്ല

കമ്മീഷന് ലഭിച്ച് മുഴുവൻ പരാതികളും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനോ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥരോ മുഖേന അന്വേഷിക്കും. കമ്മീഷൻ പരാതിക്കാരെ അതാത് ജില്ലാകേന്ദ്രങ്ങളിൽ നേരിൽ കേൾക്കുകയും ചെയ്യും. ജില്ലാതലത്തിലുള്ള ഹീയറിംഗിന്റെ തീയതിയും സമയവും പിന്നീട് അറിയിക്കും. പരാതികളും അന്വേഷണ റിപ്പോർട്ടും നേരിൽ കേട്ട വിവരണങ്ങളും വിശദമായി പരിശോധിച്ചായിരിക്കും കമ്മീഷൻ അന്തിമ വാർഡ് വിഭജന വിജ്ഞാപനം പുറപ്പെടുവിക്കുക.

ആദ്യഘട്ടത്തിൽ ഗ്രാമപഞ്ചായത്തുകളിലെ 17337 വാർഡുകളുടെയും, മുനിസിപ്പാലിറ്റികളിലെ 3241 വാർഡുകളുടെയും കോർപ്പറേഷനുകളിലെ 421 വാർഡുകളുടെയും പുനർവിഭജനമാണ് നടന്നത്. 2011 ലെ സെൻസസ് ജനസംഖ്യ അടിസ്ഥാനമാക്കിയാണ് വാർഡ് പുനർവിഭജനം നടത്തിയിട്ടുള്ളത്.

കരട് വിജ്ഞാപനം നവംബർ 18 നാണ് പ്രസിദ്ധീകരിച്ചിരുന്നത്. സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ ഓഫീസിലും ജില്ലാ കളക്ടറേറ്റുകളിലും നേരിട്ടും രജിസ്റ്റേർഡ് തപാലിലും ഡിസംബർ നാല് വരെയാണ് പരാതികൾ സ്വീകരിച്ചിരുന്നത്. ഗ്രാമപഞ്ചായത്തുകളിൽ 1375 വാർഡുകളും, മുനിസിപ്പാലിറ്റികളിൽ 128 വാർഡുകളും കോർപ്പറേഷനുകളിൽ ഏഴും വാർഡുകളുമായി ആകെ 1510 വാർഡുകൾ പുതുതായി നിലവിൽ വരും.

രണ്ടാം ഘട്ടത്തിൽ ബ്ളോക്ക് പഞ്ചായത്തുകളിലും, മൂന്നാം ഘട്ടത്തിൽ ജില്ലാ പഞ്ചായത്തുകളിലും വാർഡ് പുനർവിഭജനം നടത്തും.

## എം.ഫാം: അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

2024-25 അധ്യയന വർഷത്തെ എം.ഫാം കോഴ്സിലേക്കുള്ള പ്രവേശനത്തിനുള്ള രണ്ടാം ഘട്ട താത്ക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. വിശദ വിവരങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 0471 2525300.

## റാങ്ക് ലിസ്റ്റും കാറ്റഗറി ലിസ്റ്റും പ്രസിദ്ധീകരിച്ചു

2024- ലെ ആയുർവേദ, ഹോമിയോപ്പതി, സിദ്ധ, യുനാനി കോഴ്സ് പ്രവേശനത്തിനായി ഒഴിവുള്ള സീറ്റിലേക്ക് നവംബർ 29ലെ വിജ്ഞാപനം പ്രകാരം അപേക്ഷ നൽകുന്നതിന് അവസരം നൽകിയിരുന്നു. ഇത്തരത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലൂടെ പുതുതായി അപേക്ഷ സമർപ്പിച്ച വിദ്യാർഥികളെയും ഉൾപ്പെടുത്തികൊണ്ടുള്ള പുതുക്കിയ അന്തിമ റാങ്ക് ലിസ്റ്റും കാറ്റഗറി ലിസ്റ്റും www.cee.kerala.gov.in വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും വിദ്യാർഥികൾ അതാത് കോഴ്സുകളിലേക്കുള്ള യോഗ്യതാ മാനദണ്ഡവും ഈ വർഷത്തെ നീറ്റ് യു.ജി ഇൻഫർമേഷൻ ബുള്ളറ്റിൽ പ്രകാരമുള്ള യോഗ്യതാമാനദണ്ഡവും പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലെ പ്രവേശനത്തിനായുള്ള പ്രോസ്പെക്സ് ക്ലോസ് 6.2 പ്രകാരമുള്ള യോഗ്യതകളും പ്രവേശന സമയത്ത് നേടിയിരിക്കണം. വിശദ വിവരങ്ങൾക്ക്: ഠഠഠ.രലല.സലൃമഹമ.ഴീ.ശി. ഫോൺ: 0471 2525300.

## പുന: പ്രവേശനത്തിനും കോളേജ് മാറ്റത്തിനും അപേക്ഷിക്കാം

കോഴിക്കോട് ലോ കോളേജിൽ പഞ്ചവത്സര ബി.ബി.എ.എൽ.എൽ.ബി (ഓണേഴ്സ്), ത്രിവത്സര എൽ.എൽ.ബി (യൂണിറ്ററി ഡിഗ്രി) കോഴ്സുകളിൽ 2024-25 അധ്യയന വർഷത്തിൽ വിവിധ ക്ലാസുകളിലെ ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് ഇടക്ക് പഠനം നിർത്തിയവർക്ക് പുന: പ്രവേശനത്തിനും ഇപ്പോൾ തൃശ്ശൂർ ഗവ. ലോ കോളേജിൽ പഠിച്ചുകൊണ്ടിരുന്നവർക്ക് കേളേജ് മാറ്റത്തിനും വേണ്ടി ഡിസംബർ 12ന് 3 മണിവരെ അപേക്ഷിക്കാം.

അപേക്ഷാ ഫോറവും മറ്റ് വിവരങ്ങളും കോളേജ് ലൈബ്രറിയിൽ നിന്നും ലഭിക്കും. അപേക്ഷയോടൊപ്പം പ്ലസ് ടു/ ഡിഗ്രി മാർക്ക് ലിസ്റ്റിന്റെയും പ്രവേശന സമയത്ത് ലഭിച്ച അലോട്ട്മെന്റ് മെമ്മോയുടെയും അവസാനം എഴുതിയ പരീക്ഷയുടെ ഹാൾടിക്കറ്റിന്റെയും ശരിപകർപ്പുകൾ ഉണ്ടായിരിക്കേണ്ടതാണ്. പുന: പ്രവേശനത്തിനു ശുപാർശ ചെയ്യപ്പെടുന്നവരും കോളേജ് മാറ്റത്തിന് അപേക്ഷിക്കുന്നവരും യൂണിവേഴ്സിറ്റിയിൽ ആവശ്യമായ ഫീസടച്ചു ഉത്തരവ് കരസ്ഥമാക്കിയ ശേഷം കോളേജിൽ പ്രവേശനം നേടണം. കോളേജ് മാറ്റത്തിന് അപേക്ഷിക്കുന്നവർ തൃശ്ശൂർ ഗവ. കോളേജ് പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ കോളേജ് മാറ്റത്തിനുള്ള അപേക്ഷ അടക്കം ചെയ്തിരിക്കണം. പുന: പ്രവേശനത്തിനുള്ള അപേക്ഷകൾ പരിഗണിച്ച ശേഷം ഒഴിവ് വരുന്ന സീറ്റുകളിലേക്ക് മാത്രമേ കോളേജ് മാറ്റത്തിനുള്ള അപേക്ഷകൾ പരിഗണിക്കുകയുള്ളു.

## ലക്ചറർ അഭിമുഖം

വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക് കോളജിൽ ലക്ചറർ ഇൻ ടെക്സ്റ്റൈൽ ടെക്നോളജി തസ്തികയിലെ താത്കാലിക ഒഴിവിലേക്ക് ഡിസംബർ 9ന് രാവിലെ 10ന് അഭിമുഖം നടക്കും. ഫസ്റ്റ് ക്ലാസോടെ ടെക്സ്റ്റൈൽ ടെക്നോളജിയിലുള്ള ബി.ടെക് ആണ് യോഗ്യത. താത്പര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റ് സഹിതം കോളജിൽ നേരിട്ട് ഹാജരാകണം. വിശദവിവരങ്ങൾക്ക്: ഠഠഠ.രു.േമര.ശി.

## ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ സിറ്റിങ്

കൊല്ലം ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ സുനിത വിമൽ ഡിസംബർ 9, 16, 23, 30 തീയതികളിൽ കോട്ടയത്തും 11, 18 തീയതികളിൽ പുനലൂരിലും 7, 21, 28 തീയതികളിൽ പീരുമേടും 31ന് തൊടുപുഴയിലും മറ്റു പ്രവൃത്തിദിനങ്ങളിൽ ആസ്ഥാനത്തും തൊഴിൽ തർക്ക കേസുകളിലും, എംപ്ലോയീസ് ഇൻഷുറൻസ് കേസുകളിലും, എംപ്ലോയീസ് കോമ്പൻസേഷൻ കേസുകളിലും വിചാരണ നടത്തും.

## സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വിജ്ഞാപനം ചെയ്ത കൂടൽമാണിക്യം ദേവസ്വത്തിലെ സെക്യൂരിറ്റി ഗാർഡ് (കാറ്റഗറി നം. 18/2023) തസ്തികയുടെ നവംബർ 25ന് പ്രസിദ്ധീകരിച്ച സാധ്യതാ ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർഥികളുടെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ ഡിസംബർ 17ന് തിരുവനന്തപുരത്തുള്ള കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓഫീസിൽ വച്ച് രാവിലെ 10.30 മുതൽ നടക്കും. സാധ്യതാ ലിസ്റ്റിലെ രജിസ്റ്റർ നമ്പറുകളുടെ അതേ ക്രമത്തിൽ ആയിരിക്കും വെരിഫിക്കേഷൻ നടക്കുക. ഉദ്യോഗാർഥികൾ യോഗ്യത തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകളുടെ അസ്സലും കോപ്പിയും സഹിതം നേരിട്ട് ഹാജരാകണം. യാതൊരു കാരണവശാലും സർട്ടിഫിക്കറ്റ് വെരിഫിക്കേഷന്റെയോ, പ്രമാണങ്ങൾ ഹാജരാക്കുന്നതിന്റെയോ സമയപരിധി നീട്ടി നൽകുന്നതല്ല. സർട്ടിഫിക്കറ്റ് വെരിഫിക്കേഷന് നേരിട്ട് ഹാജരാകാത്ത ഉദ്യോഗാർഥികളെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല. സാധ്യതാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർഥികൾക്ക് ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർഥികളുടെ 'ദേവജാലിക' പ്രൊഫൈലിൽ നൽകിയിട്ടുള്ള രജിസ്റ്റേർഡ് മൊബൈൽ നമ്പറിലേക്ക് എസ്.എം.എസ് മുഖേനയും അയക്കും. പതിനൊന്നാം തീയതി വരെ എസ്.എം.എസ് അറിയിപ്പ് ലഭിക്കാത്ത ഉദ്യോഗാർഥികൾ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽ ബന്ധപ്പെടണം.

## പരീക്ഷാ വിജ്ഞാപനം

ജനുവരി മാസം നടക്കുന്ന ഡി.എൽ.എഡ് 1, 3 സെമസ്റ്റർ റെഗുലർ 1, 2, 3, 4 സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷകളുടെ വിജ്ഞാപനം https://pareekshabhavan.kerala.gov.in ൽ പ്രസിദ്ധീകരിച്ചു.

## ടെൻഡർ

വനിതാ ശിശു വികസന വകുപ്പിനു കീഴിലുള്ള മലപ്പുറം ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഉപയോഗത്തിനായി കരാറടിസ്ഥാനത്തിൽ ഒരു എ.സി വാഹനം വാടകയ്ക്ക് നൽകുന്നതിന് ടെൻഡറുകൾ ക്ഷണിച്ചു. ടെണ്ടറുകൾ ഉള്ളടക്കം ചെയ്ത കവറിന് പുറത്ത് വാഹനം കരാർ അടിസ്ഥാനത്തിൽ നൽകാനുള്ള ടെൻഡർ എന്ന് രേഖപ്പെടുത്തിയിരിക്കണം. ടെൻഡറുകൾ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ, ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ്, മിനി സിവിൽ സ്റ്റേഷൻ, മൂന്നാം നില, മഞ്ചേരി 676121 വിലാസത്തിൽ 17ന് ഉച്ചയ്ക്ക് 2നകം നൽകണം. ഫോൺ: 0483-2978888, 9995474633.

## ഇന്റർനാഷണൽ എനർജി ഫെസ്റ്റിവൽ ഓഫ് കേരള ബ്രോഷർ പ്രകാശനം ചെയ്തു

ഇന്റർനാഷണൽ എനർജി ഫെസ്റ്റിവൽ ഓഫ് കേരള (കളഎഗ) രണ്ടാം പതിപ്പിന്റെ ബ്രോഷർ പ്രകാശനം വൈദ്യുതി വകുപ്പ് മന്ത്രി കെ കൃഷ്ണൻകുട്ടി ഇ എം സി ഡയറക്ടർ ഡോ.ആർ ഹരികുമാറിന് നൽകി നിർവഹിച്ചു.ഊർജ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എനർജി മാനേജ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ 2025 ഫെബ്രുവരി 7, 8, 9 തീയതികളിൽ തിരുവനന്തപുരത്താണ് ഊർജ മേള നടക്കുന്നത്. നവീന ഊർജ മാതൃകകളുടെ പ്രദർശനങ്ങൾ, ഇലക്ട്രിക് വാഹനങ്ങളുടെ റാലി, ഊർജ മേഖലയിൽ പ്രവർത്തിക്കുന്ന ദേശീയ അന്തർദേശീയ തലത്തിലെ പ്രമുഖർ സ്ഥാപനങ്ങൾ എന്നിവരുടെ പ്രവർത്തനങ്ങളുടെയും നൂതനാശയങ്ങളുടെയും അവതരണം, സെമിനാറുകൾ, ക്വിസ് ബിസിനസ്സ് മീറ്റുകൾ തുടങ്ങിയ വിവിധ പരിപാടികൾ മേളയുടെ ഭാഗമായി നടക്കും. രാജ്യത്തിനകത്തും പുറത്തുനിന്നുമായി ആയിരത്തിലധികം പ്രതിനിധികൾ മേളയുടെ ഭാഗമാകും.

## ഗസ്റ്റ് ലക്ചറർ നിയമനം

നെയ്യാറ്റിൻകര സർക്കാർ പോളിടെക്നിക് കോളേജിൽ ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എൻജിനിയറിങ് വിഭാഗത്തിൽ ഗസ്റ്റ് ലക്ചറർ തസ്തികയിലേക്ക് താത്ക്കാലിക നിയമനം നടത്തുന്നു. ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എൻജിനിയറിങ്ങിൽ അറുപത് ശതമാനത്തിൽ കുറയാത്ത മാർക്കോടുകൂടിയ ബിരുദമോ തത്തുല്യ യോഗ്യതയോ ഉണ്ടായിരിക്കണം. അഭിമുഖത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ള ഉദ്യോഗാർഥികൾ യോഗ്യത, വയസ് എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഡിസംബർ 12ന് രാവിലെ 10.30ന് നെയ്യാറ്റിൻകര, സർക്കാർ പോളിടെക്നിക് കോളേജ് പ്രിൻസിപ്പാളിന്റെ ഓഫീസിൽ നേരിട്ട് ഹാജരാകണം. ഫോൺ: 0471 2222935.

## ചെമ്മീൻ കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക്

മത്സ്യഫെഡിന്റെ കീഴിലുള്ള മാപ്പിളബേ ഹാച്ചറിയിൽ ജഘ 10 മുതലുള്ള (PCR നെഗറ്റീവ്) വനാമി ചെമ്മീൻ കുഞ്ഞുങ്ങളും തിരുമുല്ലാവാരം (കൊല്ലം), കയ്പമംഗലം (തൃശ്ശൂർ), വെളിയംകോട് (മലപ്പുറം) ഹാച്ചറികളിൽ ജഘ 10 മുതൽ PL 20 വരെയുള്ള (PCR നെഗറ്റീവ്)ഗുണമേന്മയുള്ള കാരചെമ്മീൻ കുഞ്ഞുങ്ങളും ലഭ്യമാണ്. ആവശ്യമുള്ളവർ താഴെപ്പറയുന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്. മാപ്പിളബേ: 6282192258, തിരുമുല്ലാവാരം: 9526041061, കയ്പമംഗലം: 9526041119, വെളിയംകോട്: 0494 2607750.

## ഡെപ്യൂട്ടേഷൻ ഒഴിവ്

സംസ്ഥാന പാർലമെന്ററികാര്യ വകുപ്പിന് കീഴിലെ പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിൽ ഒഴിവുള്ള ഒരു ഡേറ്റാ എൻട്രി ഓപ്പറേറ്റർ/ ടൈപ്പിസ്റ്റ് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് വിവിധ സർക്കാർ വകുപ്പുകൾ/ സ്ഥാപനങ്ങളിൽ സമാന തസ്തികയിൽ ജോലി ചെയ്യുന്ന എൽ.ഡി ടൈപ്പിസ്റ്റുമാരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. നിരാക്ഷേപ സർട്ടിഫിക്കറ്റ്, ഫോറം 144 കെ.എസ്.ആർ പാർട്ട്-1, ബയോഡാറ്റ എന്നിവ ഉള്ളടക്കം ചെയ്ത അപേക്ഷ ഡിസംബർ 24നകം മേലധികാരി മുഖേന രജിസ്ട്രാർ, പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട്, കേരള സർക്കാർ, ബിൽഡിംഗ് നമ്പർ-32, ശാന്തി നഗർ, തിരുവനന്തപുരം- 695001 വിലാസത്തിൽ ലഭിക്കണം. ഫോൺ- 0471 2339266.

## അപേക്ഷ ക്ഷണിച്ചു

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജി (സി-മെറ്റ്) യുടെ കീഴിലുള്ള നഴ്സിങ് കോളേജ് പള്ളുരുത്തിയിലേക്കും (എറണാകുളം ജില്ല), പുതിയതായി ആരംഭിക്കാൻ സാധ്യതയുള്ള കോളേജുകളിലേക്കും പ്രിൻസിപ്പാൾ തസ്തികയിൽ കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. എം.എസ്.സി നഴ്സിങ്ങും 15 വർഷത്തെ പ്രവർത്തിപരിചയവുമാണ് യോഗ്യത. ഇതിൽ 12 വർഷത്തെ അധ്യാപന പരിചയത്തിൽ കുറഞ്ഞത് 10 വർഷം നഴ്സിങ് കോളേജുകളിലെ അധ്യാപന പരിചയമായിരിക്കണം. പി.എച്ച്.ഡി (നഴ്സിങ്)/ പബ്ലിക്കേഷൻ അഭികാമ്യം. ശമ്പളം 90,000 രൂപ. പ്രായപരിധി 59 വയസ് കവിയരുത്. ജനറൽ വിഭാഗത്തിന് 1000 രൂപയും എസ്.സി/ എസ്.റ്റി വിഭാഗത്തിന് 500 രൂപയുമാണ് ഫീസ്. സിമെറ്റിന്റെ വെബ്സൈറ്റിലുള്ള (www.simet.in) എസ്.ബി കളക്ട് മുഖേന ഫീസ് അടയ്ക്കാവുന്നതാണ്. അപേക്ഷകർ ഠഠഠ.ശൊലേ.ശി നിന്നും ലഭിക്കുന്ന അപേക്ഷ ഫാറം പൂരിപ്പിച്ച് ബയോഡാറ്റയും വയസ്സ് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, ബി.എസ്.സി നഴ്സിങ്, എം.എസ്.സി നഴ്സിങ് ഡിഗ്രി സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റുകൾ, പ്രവർത്തിപരിചയ സർട്ടിഫിക്കറ്റുകൾ, കേരള നഴ്സിങ് കൗൺസിൽ രജിസ്ട്രേഷൻ എന്നിവയുടെ പകർപ്പുകൾ സഹിതം പൂരിപ്പിച്ച അപേക്ഷൾ ഡയറക്ടർ, സി-മെറ്റ്, പാറ്റൂർ, വഞ്ചിയൂർ പി.ഒ. തിരുവനന്തപുരം 695035 വിലാസത്തിൽ ഡിസംബർ 15നകം അയക്കണം. കൂടുതൽ വിവരങ്ങൾക്ക്: www.simet.in, ഫോൺ: 0471 2302400.

## നഗരത്തിൽ നാളെ ജലവിതരണം മുടങ്ങും

തിരുവനന്തപുരം: നഗരത്തിലെ പ്രധാന മേഖലകളിൽ നാളെ രാവിലെ 10 മുതൽ ശനിയാഴ്ച രാവിലെ 10 വരെ ജലവിതരണം മുടങ്ങുമെന്ന് വാട്ടർ അഥോറിട്ടി അധികൃതർ അറിയിച്ചു. സ്മാർട്ട് സിറ്റി പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി പഴക്കമേറിയ 450 എംഎം കാസ്റ്റ് അയൺ പൈപ്പ് ലൈൻ ഡീ കമ്മീഷൻ ചെയ്യൽ, ജനറൽ ആശുപത്രി വഞ്ചിയൂർ റോഡിൽ 300 എംഎം ഡിഐ പൈപ്പ്, മെയിൻ റോഡിലെ 500 എംഎം കാസ്റ്റ് അയൺ പൈപ്പുമായി ബന്ധിപ്പിക്കൽ, ജനറൽ ആശുപത്രിയിലേക്കുള്ള വിതരണം മെച്ചപ്പെടുത്തൽ എന്നീ പ്രവൃത്തികൾ നടത്തുന്നതിനാലാണു ജലവിതരണം മുടങ്ങുന്നതെന്നു വാട്ടർ അഥോറിറ്റി അറിയിച്ചു.

ജലവിതരണം മുടങ്ങുന്ന പ്രദേശങ്ങൾ: വെള്ളയമ്പലം, ശാസ്തമംഗലം, കവടിയാർ, പൈപ്പിൻമൂട്, ഊളൻപാറ, നന്തൻകോട്, ജവഹർനഗർ, ആൽത്തറ, സിഎസ്എം നഗർ പ്രദേശങ്ങൾ, വഴുതക്കാട്, കോട്ടൺഹിൽ, ഡിപിഐ ജംഗ്ഷന്റെ സമീപപ്രദേശങ്ങൾ, ഇടപ്പഴഞ്ഞി, കെ. അനിരുദ്ധൻ റോഡ്, ജഗതി, തൈക്കാട്, മേട്ടുക്കട, വലിയശാല, പാളയം, സ്റ്റാച്യു, എംജി റോഡ്, സെക്രട്ടേറിയറ്റ്, പുളിമൂട്, എകെജി സെൻററിനു സമീപപ്രദേശങ്ങൾ, പിഎംജി, ലോ കോളജ്, കുന്നുകുഴി, ജനറൽ ഹോസ്പിറ്റൽ, തമ്പുരാൻമുക്ക്, വഞ്ചിയൂർ, ഋഷിമംഗലം, ചിറകുളം, പാറ്റൂർ, കുമാരപുരം, അണമുഖം, കണ്ണമ്മൂല, തേക്കുംമൂട്, പൊട്ടക്കുഴി, മുറിഞ്ഞപാലം, പൂന്തി റോഡ്, നാലുമുക്ക്, ഒരുവാതിൽക്കോട്ട, ആനയറ, കടകംപള്ളി, കരിക്കകം, വെൺപാലവട്ടം, പേട്ട, പാൽക്കുളങ്ങര, പെരുന്താന്നി, ചാക്ക, ഓൾ സെയിൻറ്സ്, ശംഖുമുഖം, വേളി, പൗണ്ട്കടവ്, സൗത്ത് തുമ്പ.

## യുണൈറ്റഡ് ഹെൽത്തിന്റെ സിഇഒ ബ്രയാൻ തോംസൺ വെടിയേറ്റ് മരിച്ചു

ന്യൂയോർക്ക്: യുഎസിലെ ഏറ്റവും വലിയ സ്വകാര്യ ഇൻഷുറൻസ് കമ്പനി യുണൈറ്റഡ് ഹെൽത്തിന്റെ സിഇഒ ബ്രയാൻ തോംസൺ വെടിയേറ്റ് മരിച്ചു. മാൻഹാട്ടനിലെ ഹിൽട്ടൺ ഹോട്ടലിന് പുറത്തുവച്ചായിരുന്നു തോംസണിന് വെടിയേറ്റത്. തോംസൺ എത്തുന്നതിനായി കാത്തുനിന്ന അക്രമി പുറകിൽ നിന്ന് നിരവധി തവണ വെടിയുതിർത്തുവെന്നാണ് റിപ്പോർട്ട്. തോംസണെ മാത്രം ലക്ഷ്യമിട്ടാണ് അക്രമിയെത്തിയത് എന്നാണ് പോലീസ് അറിയിക്കുന്നത്. സിസിടിവി കേന്ദ്രീകരിച്ചുള്ള അന്വേഷണം നടക്കുകയാണ്. അക്രമിയുടെ ചിത്രം പുറത്ത് വന്നിട്ടുണ്ട്.

കമ്പനിയുടെ വാർഷിക നിക്ഷേപ സംഗമം നടക്കുന്നതിന് തൊട്ടുമുൻപായിരുന്നു ആക്രമണം. അതേസമയം തോംസണ് നേരത്തെ വധഭീഷണിയുണ്ടായിരുന്നുവെന്ന് ഭാര്യ പോളെറ്റ് തോംസൺ പ്രതികരിച്ചു.

## മാനേജർ തസ്തികയിൽ അഭിമുഖം

കേരള മഹിളാ സമഖ്യ സൊസൈറ്റിയുടെ നിയന്ത്രണത്തിൽ വനിത ശിശുവികസന വകുപ്പിന്റെ സഹായത്തോടെ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ആഫ്റ്റർ കെയർ ഹോമിൽ ഹോം മാനേജർ തസ്തികയിലേക്ക് താത്കാലിക നിയമനത്തിന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. എം.എസ്.ഡബ്ല്യു/ എം.എ (സോഷ്യോളജി)/ എം.എ (സൈക്കോളജി)/ എം.എസ്.സി (സൈക്കോളജി) ആണ് യോഗ്യത. താത്പര്യമുള്ള വനിതാ ഉദ്യോഗാർഥികൾ വെള്ള പേപ്പറിൽ തയാറാക്കിയ അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യോഗ്യത, പ്രായം, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ഡിസംബർ 17ന് രാവിലെ 10.30ന് കേരള മഹിളാ സമഖ്യ സൊസൈറ്റിയുടെ സംസ്ഥാന ഓഫീസിൽ നടക്കുന്ന അഭിമുഖത്തിന് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് : സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, കേരള മഹിള സമഖ്യ സൊസൈറ്റി, ടി.സി. 20/1652, കല്പന, കുഞ്ചാലുംമൂട്, കരമന പി. ഒ, തിരുവനന്തപുരം. ഫോൺ: 0471 2348666, ഇ-മെയിൽ : keralasamakhya@gmail.com, sh-_v-ssk-äv: www.keralasamakhya.org.



ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എജ്യൂക്കേഷനുമായി ഒപ്പിട്ട ധാരണാപത്രം ഉന്നതവിദ്യാഭ്യാസ മന്ത്രി ഡോ ആർ ബിന്ദുവിന്റേയും സഹകരണ വകുപ്പ് മന്ത്രി വി എൻ വാസവന്റേയും സാന്നിധ്യത്തിൽ കൈമാറുന്നു

# ആക്രി ഗോഡൗണിലെ തീപിടിത്തം: 15 ലക്ഷത്തിലധികം രൂപയുടെ നഷ്ടം

കൊച്ചി: എറണാകുളം സൗത്തിൽ ആക്രി ഗോഡൗണിലുണ്ടായ തീപിടിത്തത്തിൽ 15 ലക്ഷത്തിലധികം രൂപയുടെ നഷ്ടമുണ്ടായതായി പ്രാഥമിക വിലയിരുത്തൽ. സംഭവത്തിൽ എറണാകുളം സൗത്ത് പോലീസ് കേസ് രജിസ്റ്റർ ചെയ്തു. ഞായറാഴ്ച പുലർച്ചെ രണ്ടോടെ സൗത്ത് മേൽപ്പാലത്തിന് സമീപത്തെ സിനിമാ നിർമാതാവ് രാജു ഗോപിയുടെ ഉടമസ്ഥതയിലുള്ള ആക്രി ഗോഡൗണിലായിരുന്നു വൻ തീപിടിത്തമുണ്ടായത്. ആക്രി ഗോഡൗൺ ഉടമയുടെ പരാതിയിലാണ് കേസ് രജിസ്റ്റർ ചെയ്തത്. ഇയാളുടെ മൊഴി രേഖപ്പെടുത്തി. ഷോർട്ട് സർക്യൂട്ടാണെന്നാണ് പ്രാഥമിക നിഗമനത്തിലാണ് പോലീസ്. ഇന്ന് ഫോറൻസിക് വിദഗ്ധർ ഗോഡൗണിലെത്തി പരിശോധന നടത്തുമെന്ന് പോലീസ് അറിയിച്ചു. ഇലക്ട്രിക്കൽ ഇൻസ്‌പെക്ടറേറ്റ് ഉദ്യോഗസ്ഥരും ഇന്ന് പരിശോധന നടത്തും. ഫയർഫോഴ്സ് ഉദ്യോഗസ്ഥരും ഇന്നലെ ഗോഡൗണിലെത്തി പരിശോധന നടത്തിയിരുന്നു. സംഭത്തിൽ അഗ്നിരക്ഷാസേന ഫയർ റിപ്പോർട്ട് തയാറാക്കും. എന്തെല്ലാമാണ് തീപിടിച്ച് നശിച്ചത്, കാരണം തുടങ്ങിയവയാകും റിപ്പോർട്ടിൽ ഉണ്ടായിരിക്കുക. തീപിടിത്തത്തിൽ ഗോഡൗൺ പൂർണമായും കത്തി നശിച്ചിരുന്നു. ഗോഡൗണിൽ സൂക്ഷിച്ചിരുന്ന 12ഓളം സ്ക്രാപ്പ് ഗ്യാസ് സിലിണ്ടറുകൾ പൊട്ടിത്തെറിച്ചത് തീപിടുത്തത്തിന്റെ വ്യാപ്തി കൂട്ടി. ഗോഡൗണിന് അകത്തുണ്ടായിരുന്ന നേപ്പാൾ സ്വദേശികളായ എട്ടു തൊഴിലാളികളെയും ഫയർഫോഴ്സും പോലീസും ചേർന്ന് രക്ഷപ്പെടുത്തുകയായിരുന്നു. ഗോഡൗണിന് സമീപത്തെ വീടിലേക്കും തീപടർന്നിരുന്നു.

# പാർമെന്ററി സ്റ്റഡീസ് സർട്ടിഫിക്കറ്റ് കോഴ്സ്

പാർലമെന്ററി ജനാധിപത്യ വ്യവസ്ഥയെയും നടപടിക്രമങ്ങളെയും സംബന്ധിച്ച് കേരള നിയമസഭയുടെ കേരള ലജിസ്ലേറ്റീവ് അസംബ്ലി മീഡിയ ആൻഡ് പാർലമെന്ററി സ്റ്റഡി സെന്റർ (പാർലമെന്ററി സ്റ്റഡീസ്) ഓൺലൈനായി നടത്തുന്ന ആറ് മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാർലമെന്ററി സ്റ്റഡീസിന്റെ ഒന്നാമത് ബാച്ചിലേക്കുള്ള പ്രവേശനത്തിന് താൽപര്യമുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷിക്കുന്നതിനുള്ള കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത എസ്എസ്എൽസി വിജയം. ഉയർന്ന പ്രായപരിധി ഇല്ല. പ്രോസ്പെക്ടസ് നിയമസഭയുടെ വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷാ ഫീസില്ല. പൂരിപ്പിച്ച അപേക്ഷ ഡിസംബർ 20 ന് മുമ്പായി ഓൺലൈനായി സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക്: www.niyamasabha.org, 04712512662

# പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ പാർലമെന്ററി സ്റ്റഡീസ് കോഴ്സ്: അപേക്ഷ ക്ഷണിച്ചു

പാർലമെന്ററി ജനാധിപത്യ വ്യവസ്ഥയെയും സഭാനടപടിക്രമങ്ങളെയും സംബന്ധിച്ച് കേരള നിയമസഭയുടെ കേരള ലെജസ്ലേറ്റീവ് അംബ്ലി മീഡിയ ആൻഡ് പാർലമെന്ററി സ്റ്റഡി സെന്റർ (പാർലമെന്ററി സ്റ്റഡീസ്) വിദൂര വിദ്യാഭ്യാസ സമ്പ്രദായത്തിൽ നടത്തുന്ന ഒരു വർഷത്തെ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ പാർലമെന്ററി സ്റ്റഡീസ് ന്റെ ഒന്നാമത് ബാച്ചിലേക്കുള്ള പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷിക്കുന്നതിനുള്ള കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത ഏതെങ്കിലും വിഷയത്തിലെ ബിരുദം അല്ലെങ്കിൽ തത്തുല്യം. ഉയർന്ന പ്രായപരിധി ഇല്ല. കോഴ്സിന്റെ പ്രോസ്പെക്ടസ് നിയമസഭയുടെ വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷ ഫീസ് 200 രൂപ. പൂരിപ്പിച്ച അപേക്ഷ ഡിസംബർ 20ന് മുമ്പായി നിശ്ചിത ഫീസ് ഒടുക്കിയ പേ-ഇൻ-സ്ലിപ്പ്/ഓൺലൈൻ ട്രാൻസ്ഫർ രസീത് സഹിതം ഓൺലൈനായി സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 0471 2512662/2453/2670, വെബ്സൈറ്റ്: www.niyamasabha.org

# നവീൻ ബാബുവിന്റെ ഭാര്യ മഞ്ജുഷയ്ക്ക് പത്തനംതിട്ട കളക്ടറേറ്റിലേക്ക് സ്ഥലംമാറ്റം

പത്തനംതിട്ട: കണ്ണൂർ മുൻ എഡിഎം നവീൻ ബാബുവിന്റെ ഭാര്യ മഞ്ജുഷയ്ക്ക് പത്തനംതിട്ട കളക്ടറേറ്റിലേക്ക് സ്ഥലംമാറ്റം. മഞ്ജുഷയുടെ അപേക്ഷ പരിഗണിച്ചാണ് നടപടി.ഉത്തരവാദിത്തപ്പെട്ട ചുമതലകളിൽ നിന്നൊഴിവാക്കി കളക്ടറേറ്റിലേക്ക് മാറ്റി നൽകണമെന്ന് മഞ്ജുഷ ആവശ്യപ്പെട്ടിരുന്നു. നിലവിൽ മഞ്ജുഷ അവധിയിൽ തുടരുകയാണ്.അതിനിടെ നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട കേസിൽ വിജിലൻസ് സ്പെഷൽ സെൽ അന്തിമ റിപ്പോർട്ട് ഈ ആഴ്ച ആഭ്യന്തര വകുപ്പിനു കൈമാറും. കേസിൽ കുടുംബം ആവശ്യപ്പെട്ട സിബിഐ അന്വേഷണം തള്ളി സിപിഎമ്മും നേരത്തെ രംഗത്തെത്തിയിരുന്നു.

# കോഴിക്കോട്ട് ജയിൽ ചാടിയ പ്രതി മാസ്കിട്ട് അങ്ങാടിയിൽ; ഓടിച്ചിട്ട് പിടികൂടി പോലീസ്

കോഴിക്കോട്: പോലീസിനെ വട്ടം കറക്കി ജയിലിൽ നിന്നു ചാടി രക്ഷപ്പെട്ട പ്രതി ഒടുവിൽ വലയിൽ. ഞായറാഴ്ച രാവിലെ ജില്ലാ ജയിലിന്റെ ഓടിളക്കി ചാടിരക്ഷപ്പെട്ട പ്രതിയെ കൺട്രോൾ റൂം പോലീസാണ് പിടികൂടിയത്.

പന്നിയങ്കര പോലീസ് രജിസ്റ്റർചെയ്ത മോഷണക്കേസിലെ പ്രതി പുതിയങ്ങാടി നടുവിലകം വീട്ടിൽ മുഹമ്മദ് സഫാദിനെയാണ് (24) ചൊവ്വാഴ്ച രാത്രി വെസ്റ്റ്ഹിൽ അത്താണിക്കലിൽവച്ച് പിടികൂടിയത്. പോലീസ് കൺട്രോൾ റൂമിൽ രാത്രി 7.45ഓടെയാണ് അജ്ഞാതന്റെ ടെലിഫോൺ സന്ദേശമെത്തിയത്. ജയിൽചാടിയ പ്രതിയെന്ന് സംശയിക്കുന്ന ഒരാൾ അത്താണിക്കൽ അങ്ങാടിയിൽ മാസ്ക് ധരിച്ച് കറങ്ങി നടക്കുന്നുണ്ടെന്നായിരുന്നു സന്ദേശം.

ഉടൻതന്നെ ആ ഭാഗത്ത് പട്രോളിംഗ് ഡ്യൂട്ടിയിലായിരുന്ന പോലീസ് അവിടെയെത്തി. പോലീസ് സമീപത്തേക്ക് ചെന്നതോടെ അയാൾ ഓടി. പതിനഞ്ചുമിനിറ്റോളം പോലീസിനെ ഓടിച്ചെങ്കിലും കാർ ഷോറൂമിന് പിൻവശത്തു വച്ച് എട്ടുമണിയോടെ പിടികൂടി. പ്രതിയെ കസബ പോലീസിന് കൈമാറി. ഞായറാഴ്ച ജയിൽവരാന്തയിൽ എല്ലാവരും ടിവിയിൽ സിനിമ കാണുന്ന തക്കത്തിൽ ഇയാൾ രണ്ടാംനിലയിലെ കെട്ടിടത്തിലെ ഓടുനീക്കി പുറത്തേക്കു ചാടി രക്ഷപ്പെടുകയായിരുന്നു.

# സർക്കാർ രൂപീകരണം; മഹായുതി നേതാക്കൾ ഗവർണറെ കണ്ടു, ഫഡ്നാവിസിനൊപ്പം ഷിൻഡേയും അജിത് പവാറും

മുംബൈ: സർക്കാർ രൂപീകരിക്കാനുള്ള അവകാശവാദം ഉന്നയിച്ച് മഹാരാഷ്ട്രയിൽ മഹായുതി നേതാക്കൾ ഗവർണർ സി.പി. രാധാകൃഷ്ണനെ കണ്ടു. പിന്നാലെ ഗവർണർ മഹായുതി സഖ്യത്തെ സർക്കാർ രൂപീകരിക്കാനായി ക്ഷണിച്ചു.നിയുക്ത മുഖ്യമന്ത്രി ദേവേന്ദ്ര ഭഡ്നാവിസിനോടൊപ്പം ഏക്നാഥ് ഷിൻഡേ, അജിത് പവാർ എന്നിവരും ഗവർണറെ കണ്ടു. നാളെ വൈകിട്ട് 5.30 ന് മുംബൈ ആസാദ് മൈതാനത്താണ് സത്യപ്രതിജ്ഞ. ഏക്നാഥ് ഷിൻഡേയും, അജിത് പവാറും ഭഡ്നാവിസിനോടൊപ്പം നാളെ സത്യപ്തിജ്ഞചയ്യുമെന്നും ദേവേന്ദ്ര ഫഡ്നാവിസ് അറിയിച്ചു.നീണ്ട അനിശ്ചിതത്വത്തിനൊടുവിൽ ദേവേന്ദ്ര ഫഡ്നാവിസ് തന്നെ മഹാരാഷ്ട്ര മുഖ്യമന്ത്രിയാകുമെന്ന് ഉറപ്പായി. ബിജെപി നിയമസഭാ കക്ഷിയോഗത്തിൽ അംഗീകാരം ലഭിച്ചതിന് പിന്നാലെയാണ് പ്രഖ്യാപനം.

# നിർത്തിയിട്ട ലോറിക്ക് പിന്നിലേക്ക് ജീപ്പിടിച്ചുകയറി; മൂന്ന് മരണം

വെല്ലൂർ: നിർത്തിയിട്ട ലോറിക്ക് പിന്നിലേക്ക് ജീപ്പിടിച്ച് മൂന്ന് മരണം. തമിഴ്നാട് വെല്ലൂരിൽ ആണ് സംഭവം.

ചെന്നൈ സ്വദേശികളാണ് ജീപ്പിലുണ്ടായിരുന്നത്. നിയന്ത്രണം വിട്ട ജീപ്പ് റോഡിന്റെ വശത്ത് പാർക്ക് ചെയ്തിരുന്ന ലോറിയിലേക്ക് ഇടിച്ചുകയറുകയായിരുന്നു.

ജീപ്പ് അമിത വേഗതയിലായിരുന്നുവെന്ന് ദൃക്സാക്ഷികൽ പറയുന്നു. അപകടത്തിൽ ജീപ്പ് പൂർണമായി തകർന്നു. വാഹനം വെട്ടിപ്പൊളിച്ചാണ് യാത്രക്കാരെ പുറത്തടുത്തത്.

# പുഷ്പ 2 റിലീസ്: തിക്കിലും തിരക്കിലും പെട്ട് ഒരു സ്ത്രീ മരിച്ചു; രണ്ടുപേർക്ക് ഗുരുതര പരിക്ക്

ഹൈദരാബാദ്: അല്ലു അർജുനെ നായകനാക്കി സുകുമാർ സംവിധാനം ചെയ്ത പുഷ്പ 2 സിനിമയുടെ റിലീസിനിടെയുണ്ടായ തിക്കിലും തിരക്കിലും പെട്ട് ഒരു സ്ത്രീ മരിച്ചു. രണ്ടുപേർക്ക് ഗുരുതര പരിക്ക്. ബുധനാഴ്ച രാത്രി ഹൈദരാബാദിലെ സന്ധ്യാ തീയറ്ററിലാണ് സംഭവം. ഹൈദരാബാദ് സ്വദേശിനിയായ സ്ത്രീയാണ് മരിച്ചത്. റിലീസിന് മുന്നോടിയായി തീയറ്ററിന് മുന്നിൽ പോലീസും ആരാധകരും തമ്മിൽ സംഘർഷമുണ്ടായിരുന്നു.

തടിച്ചുകൂടിയ ജനക്കൂട്ടത്തിനുനേരെ പോലീസ് ലാത്തി വീശി. തിക്കിലും തിരക്കിലും പെട്ട് ബോധം കെട്ട് വീണ കുട്ടിയുടെ നില ഗുരുതരമായി തുടരുകയാണ്. ബുധനാഴ്ച രാത്രി 11 ന് ഹൈദരാബാദ് സന്ധ്യാ തീയേറ്ററിൽ പുഷ്പ 2 സിനിമയുടെ പ്രീമിയർ ഷോ വച്ചിരുന്നത്. റിലീസിന് മുന്നോടിയായി ആരാധകരുടെ വലിയനിര തന്നെ തീയേറ്ററിന് മുന്നിലുണ്ടായിരുന്നു. തീയേറ്ററിലേക്ക് അപ്രതീക്ഷിതമായി അല്ലു അർജുനും സംവിധായകൻ സുകുമാറുമെത്തിയിരുന്നു. ആരാധകരുടെ ആവേശം അതിരുകടന്നതോടെ ജനക്കൂട്ടത്തെ നിയന്ത്രിക്കാൻ പോലീസ് ബുദ്ധിമുട്ടി. പിന്നാലെ ലാത്തിവീശുകയായിരുന്നു. അതിനിടെ സിനിമ കാണാനെത്തിയ കുട്ടി കുഴഞ്ഞുവീണു. നിരവധിപേർക്ക് പരിക്കേറ്റിട്ടുണ്ട്.

# ഐഎഫ്എഫ്കെ: സ്പിരിറ്റ് ഓഫ് സിനിമ അവാർഡ് പായൽ കപാഡിയയ്ക്ക്

തിരുവനന്തപുരം : കാൻ ചലച്ചിത്രമേളയിലെ ഗ്രാൻഡ് പ്രി ജേതാവ് പായൽ കപാഡിയയെ ഇരുപത്തിയൊൻപതാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയിൽ സ്പിരിറ്റ് ഓഫ് സിനിമ അവാർഡ് നൽകി ആദരിക്കും. അഞ്ച് ലക്ഷം രൂപയാണ് സമ്മാനത്തുക. ഡിസംബർ 20ന് നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടക്കുന്ന മേളയുടെ സമാപന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ പുരസ്കാരം സമ്മാനിക്കും.

സിനിമയെ സമരായുധമാക്കി സമൂഹത്തിലെ അനീതികൾക്കെതിരെ പൊരുതുന്ന ചലച്ചിത്രപ്രവർത്തകരെ ആദരിക്കുന്നതിനുവേണ്ടി 26ാമത് ഐഎഫ്എഫ്കെയിലാണ് സ്പിരിറ്റ് ഓഫ് സിനിമ അവാർഡ് ഏർപ്പെടുത്തിയത്. കുർദിഷ് സംവിധായിക ലിസ കലാൻ ആയിരുന്നു പ്രഥമ ജേതാവ്. ഇറാൻ ഭരണകൂടത്തിന്റെ നിരന്തരമായ പീഡനത്തിന് വിധേയയായിട്ടും അവകാശപ്പോരാട്ടം തുടരുന്ന ചലച്ചിത്രകാരി മഹ്നാസ് മുഹമ്മദി, കെനിയയിലെ യാഥാസ്ഥിതിക മൂല്യങ്ങൾക്കെതിരെ പൊരുതുന്ന സംവിധായിക വനൂരി കഹിയു എന്നിവരാണ് മുൻവർഷങ്ങളിൽ ഈ പുരസ്കാരത്തിന് അർഹരായത്.

ആദ്യ സംവിധാന സംരംഭത്തിന് കാൻ മേളയിൽ ഗ്രാൻഡ് പ്രി നേടുന്ന ഏക ഇന്ത്യൻ സംവിധായികയാണ് ഓൾ വി ഇമാജിൻ ഏസ് ലൈറ്റ് എന്ന ചിത്രത്തിലൂടെ അഭിമാനാർഹമായ നേട്ടം കൈവരിച്ച പായൽ കപാഡിയ. ടെലിവിഷൻ നടനും രാഷ്ട്രീയ പ്രവർത്തകനുമായ ഗജേന്ദ്ര ചൗഹാനെ പുനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാനായി നിയമിച്ച നടപടിക്കെതിരെ നടന്ന സമരത്തിന്റെ മുന്നണിപ്പോരാളികളിലൊരാളായിരുന്നു പായൽ കപാഡിയ. 139 ദിവസം നീണ്ടുനിന്ന സമരത്തെത്തുടർന്ന് പൊലീസ് അറസ്റ്റു ചെയ്ത 35 വിദ്യാർഥി കളിൽ 25ാം പ്രതിയായിരുന്നു പായൽ.



ഇതിനെത്തുടർന്ന് പായലിന്റെ സ്കോളർഷിപ്പ് ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് റദ്ദാക്കിയിരുന്നു. പായൽ സംവിധാനം ചെയ്ത എ നൈറ്റ് ഓഫ് നോയിംഗ് നത്തിംഗ് 2021ലെ കാൻ ചലച്ചിത്രമേളയിൽ മികച്ച ഡോക്യുമെന്ററിക്കുള്ള ഗോൾഡൻ ഐ പുരസ്കാരം നേടിയിരുന്നു. ചിത്രത്തിന്റെ ആദ്യപ്രദർശനം മേളയിലെ ഡയറക്ടേഴ്സ് ഫോർട് നൈറ്റ് വിഭാഗത്തിലായിരുന്നു.

ടോറന്റോ ചലച്ചിത്രമേളയിൽ ആംപ്ളിഫൈ വോയ്സസ് അവാർഡും ഈ ഡോക്യുമെന്ററിക്ക് ലഭിക്കുകയുണ്ടായി. ബുസാൻ മേളയിൽ ഈ ചിത്രം സിനിഫൈൽ അവാർഡിന് നാമനിർദേശം ചെയ്യപ്പെട്ടിരുന്നു.

# ശിശുക്ഷേമ സമിതിയിലെ ക്രൂരത; ആയമാർ ചോദ്യം ചെയ്യലിനു ഹാജരായത് നഖം വെട്ടി

തിരുവനന്തപുരം: കിടക്കയിൽ മൂത്രമൊഴിച്ചതിന്റെ പേരിൽ ശിശുക്ഷേമ സമിതിയിൽ രണ്ടര വയസുകാരിയെ ആയമാർ ക്രൂരമായി ഉപദ്രവിച്ച സംഭവത്തിൽ കൂടുതൽ വിവരങ്ങൾ പുറത്ത്. കുറ്റം തെളിയാതിരിക്കുന്നതിന് ആയമാർ തെളിവു നശിപ്പിക്കാനും ശ്രമം നടത്തി.

ചോദ്യംചെയ്യലിനു വിളിച്ചപ്പോൾ നഖം വെട്ടിയാണ് പ്രതികൾ ഹാജരായത്. മൂന്നു പ്രതികളെയും കസ്റ്റഡിയിൽ വാങ്ങി ശാസ്ത്രീയ തെളിവെടുപ്പു നടത്തുമെന്നു പോലീസ് അറിയിച്ചു.

കുട്ടിയെ ഉപദ്രവിച്ച വിവരം അധികൃതരെ അറിയിക്കാതെ ഒരാഴ്ചയോളം ആയമാർ മറച്ചു വച്ചതായും കണ്ടെത്തി. അറസ്റ്റിലായ ആയമാർ മുൻപും പലതവണ കുട്ടികളോടു ക്രൂരമായി പെരുമാറിയിട്ടുണ്ടെന്നാണ് ലഭിക്കുന്ന വിവരം. കിടക്കയിൽ പതിവായി മൂത്രമൊഴിക്കുന്ന കുട്ടിയെ ഉപദ്രവിച്ച വിവരം പ്രധാന പ്രതി അജിത ഒപ്പമുണ്ടായിരുന്നവരോടു പറഞ്ഞിരുന്നു. കുട്ടിയെ ഉപദ്രവിച്ചെന്നു വ്യക്തമായിട്ടും ഇതു തടയാനോ അധികാരികളെ വിവരം അറിയിക്കാനോ ഒപ്പമുണ്ടായിരുന്ന സിന്ധുവും മഹേശ്വരിയും തയാറായില്ല. ഒരാഴ്ചയോളം വിവരം ഇവർ മറച്ചുവച്ചു. ഇതിനിടെ, കുട്ടിയെ കുളിപ്പിച്ചതെല്ലാം പ്രതികളായിരുന്നതിനാൽ സംഭവം പുറത്ത് ആരും അറിഞ്ഞതുമില്ല. 70 പേരുടെ മൊഴി പോലീസ് രേഖപ്പെടുത്തി. രണ്ടു ദിവസത്തെ ചോദ്യം ചെയ്യലിനു ശേഷമാണ് പോത്തൻകോട് ആണ്ടൂർക്കോണം സ്വദേശി അജിത (49), അയിരൂപ്പാറ സ്വദേശി മഹേശ്വരി (49), കല്ലമ്പലം നാവായിക്കുളം മുല്ലനെല്ലൂർ സ്വദേശി സിന്ധു (47) എന്നിവർ കുറ്റം സമ്മതിച്ചത്. സംഭവത്തിനു പിന്നാലെ അറസ്റ്റിലായ മൂന്നു പേർ ഉൾപ്പെടെ ഏഴ് ആയമാരെ ശിശുക്ഷേമ സമിതി പിരിച്ചുവിടുകയും ചെയ്തു.

# കാസർഗോട്ടെ അബ്ദുൾ ഗഫൂറിന്റെ മരണം കൊലപാതകം; മന്ത്രവാദിനി അടക്കമുള്ളവർ അറസ്റ്റിൽ

കാസർഗോഡ്: പൂച്ചക്കാട്ടെ പ്രവാസി വ്യവസായി അബ്ദുൾ ഗഫൂറിന്റെ മരണം കൊലപാതകമെന്ന് ക്രൈം ബ്രാഞ്ച്. സംഭവത്തിൽ മന്ത്രവാദിനിയായ യുവതി ഉൾപ്പെടെ നാല് പേർ അറസ്റ്റിലായി.കൂളിക്കുന്ന് സ്വദേശിനി ജിന്നുമ്മ(ഷമീമ), ഇവരുടെ ഭർത്താവ് ഉബൈസ്, പൂച്ചക്കാട് സ്വദേശിനി അസ്നിഫ, മധൂർ സ്വദേശി ആയിഷ എന്നിവരാണ് അറസ്റ്റിലായത്.സ്വർണം ഇരട്ടിപ്പിച്ച് നൽകാമെന്ന് പറഞ്ഞ് ഗഫൂറിന്റെ വീട്ടിൽ വച്ച് മന്ത്രവാദം നടത്തി ഇവർ സ്വർണം തട്ടിയെടുത്തിരുന്നു. 596 പവൻ സ്വർണമാണ് സംഘം തട്ടിയെടുത്തത്. ഈ സ്വർണം തിരിച്ച് നൽകേണ്ടി വരുമെന്ന് കരുതിയായിരുന്നു കൊലപാതകം. 2023 ഏപ്രിൽ 14 നാണ് അബ്ദുൾ ഗഫൂറിനെ വീട്ടിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. സ്വാഭാവിക മരണമെന്ന് കരുതി മൃതദേഹം സംസ്കരിക്കുകയും ചെയ്തു. എന്നാൽ പിന്നീടാണ് വീട്ടിൽ നിന്ന് സ്വർണം നഷ്ടമായെന്ന കാര്യം ബന്ധുക്കളറിയുന്നത്.ഇതോടെ അബ്ദുൽ ഗഫൂറിന്റെ മകൻ അഹമ്മദ് മുസമ്മിൽ ബേക്കൽ പോലീസിൽ പരാതി നൽകുകയായിരുന്നു. പിന്നീട് നടത്തിയ പോസ്റ്റ്മോർട്ടത്തിൽ തലയ്ക്ക് പിന്നിലേറ്റ ക്ഷതമാണ് മരണകാരണമെന്ന് തെളിഞ്ഞു. ബേക്കൽ പോലീസ് ആദ്യമന്വേഷിച്ച കേസ് പിന്നീട് ക്രൈം ബ്രാഞ്ചിന് കൈമാറുകയായിരുന്നു.

# നവീൻ ബാബുവിന്റെ മരണം; സിബിഐ അന്വേഷണം വേണ്ടെന്ന് സർക്കാർ

തിരുവനന്തപുരം: എഡിഎം നവീൻ ബാബുവിന്റെ മരണത്തിൽ സിബിഐ അന്വേഷണം വേണ്ടെന്ന് സംസ്ഥാന സർക്കാർ. വെള്ളിയാഴ്ച സർക്കാർ ഇക്കാര്യം ഹൈക്കോടതിയെ അറിയിക്കും.

സിബിഐ അന്വേഷണം ആവശ്യപ്പെട്ട് നവീന്റെ ഭാര്യ മഞ്ജുഷ നൽകിയ ഹർജിയിലാണ് സർക്കാർ നിലപാട് അറിയിക്കുക. കേസിൽ പോലീസ് അന്വേഷണം ശരിയായ ദിശയിലാണെന്നാണ് സർക്കാർ നിലപാട്. നവീന്റെ കുടുംബത്തോട് നീതി പുലർത്തുന്ന അന്വേഷണമാണ് പുരോഗമിക്കുന്നത്. എല്ലാ വശവും പോലീസ് പരിശോധിക്കുന്നുണ്ട്. കൊലപാതകമാണോ എന്ന കുടുംബത്തിന്റെ സംശയത്തിലും അന്വേഷണം നടത്തും.

കുടുംബത്തിന്റെ സകല ആശങ്കകളും പരിഹരിച്ചുകൊണ്ടാണ് മുന്നോട്ട് പോകുന്നത്. കേസിൽ സമഗ്രമായ അന്വേഷണമാണ് നടക്കുന്നതെന്നും ഈ സാഹചര്യത്തിൽ സിബിഐക്ക് അന്വേഷണം കൈമാറേണ്ട സാഹചര്യമില്ലെന്നും കോടതിയിൽ സമർപ്പിക്കാൻ വേണ്ടി തയാറാക്കിയ സത്യവാംഗ്മൂലത്തിൽ പറയുന്നു.

# അയ്യപ്പഭക്തന്റെ ബാഗ് കീറി പണം മോഷ്ടിച്ചു; മൂന്നുപേർ അറസ്റ്റിൽ

കോട്ടയം: എരുമേലിയിൽ അയ്യപ്പഭക്തന്റെ ഷോൾഡർ ബാഗ് കീറി 14,000 രൂപ മോഷ്ടിച്ച കേസിൽ മൂന്നു പേരെ പോലീസ് അറസ്റ്റ് ചെയ്തു. തമിഴ്നാട് ഉത്തമപാളയം സ്വദേശിയായ പളനിസ്വാമി (45), കുമളി സ്വദേശിയായ ഭഗവതി (53), തമിഴ്നാട് ഡിണ്ടിഗൽ സ്വദേശിയായ മുരുകൻ (58) എന്നിവരെയാണ് എരുമേലി പോലീസ് അറസ്റ്റ് ചെയ്തത്.

ചൊവ്വാഴ്ച വെളുപ്പിനെ എരുമേലിയിലെ കൊച്ചമ്പലത്തിൽ നിന്നും വലിയമ്പലത്തിലേക്ക് പേട്ടതുള്ളൽ നടത്തുന്ന സമയം ഇവർ അന്യസംസ്ഥാന സ്വദേശിയായ അയ്യപ്പഭക്തന്റെ ഷോൾഡർ ബാഗ് കീറി അതിലുണ്ടായിരുന്ന 14,000 രൂപയുമായി കടന്നുകളയുകയായിരുന്നു.

പരാതിയെ തുടർന്ന് എരുമേലി പോലീസ് നടത്തിയ ശാസ്ത്രീയമായ പരിശോധനയിൽ മോഷ്ടാക്കളെ തിരിച്ചറിയുകയും ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിലുള്ള സ്ക്വാഡും, എരുമേലി പോലീസും നടത്തിയ തിരച്ചിലിൽ ഇവരെ മണിക്കൂറുകൾക്കുള്ളിൽ തന്നെ പിടികൂടുകയുമായിരുന്നു.

കാഞ്ഞിരപ്പള്ളി ഡിവൈഎസ്പി എം. അനിൽകുമാർ, എരുമേലി സ്റ്റേഷൻ എസ്എച്ച്ഓ ബിജു ഇ. ഡി, എസ്ഐമാരായ രാജേഷ് ടി. ജി, അബ്ദുൾ അസീസ്, സിപിഓമാരായ വിനീത്, അനീഷ് കെ. എൻ, അൻസു പി. എസ് എന്നിവരും സംഘത്തിലുണ്ടായിരുന്നു.



പോത്തൻകോട് - മംഗലപുരം റോഡ് നിർമ്മാണ പ്രവർത്തന ഉദ്ഘാടനം

# ക്വിസ് മത്സരം

കേരള നിയമസഭ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര പുസ്തകോത്സവം മൂന്നാം പതിപ്പിന്റെ ഭാഗമായി സ്കൂൾ- കോളേജ് വിദ്യാർഥികൾക്കായി കോട്ടയം മേഖലാതലത്തിൽ പ്രാഥമിക ക്വിസ് മത്സരം ഡിസംബർ 7ന് കാഞ്ഞിരപ്പള്ളിയിലെ കുന്നുംഭാഗം സെന്റ് ജോസഫ്സ് പബ്ലിക് സ്കൂളിൽ നടക്കും.

ക്വിസ് മത്സരത്തിന്റെ ഉദ്ഘാടനം രാവിലെ 10.15ന് ചീഫ് വിപ്പ് ഡോ. എൻ.ജയരാജ് നിർവഹിക്കും.

# ലാപ്ടോപ്പിന് അപേക്ഷിക്കാം

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ സജീവ അംഗങ്ങളായ തൊഴിലാളികളുടെ 2024-25 അധ്യയന വർഷത്തിൽ പൊതുപ്രവേശന പരീക്ഷയിലൂടെ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിച്ച കുട്ടികളിൽ നിന്നും സൗജന്യ ലാപ്ടോപ്പിനുള്ള അപേക്ഷ ക്ഷണിച്ചു. ഡിസംബർ 15നകം അപേക്ഷ സമർപ്പിക്കണം. അപേക്ഷയും മറ്റ് വിവരങ്ങളും എല്ലാ ജില്ലാ ഓഫീസുകളിലും ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റിലും (kmtwwfb.org) ലഭിക്കും.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.




*കരുതലും കൈത്താങ്ങും അദാലത്ത് - അവലോകന യോഗം*

# പരമാവധി പേർക്ക് സൗജന്യ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുക ലക്ഷ്യം: മന്ത്രി വീണാ ജോർജ്

## അനുഭവ സദസ് 2.0' ദേശീയ ശിൽപശാല

പരമാവധി പേർക്ക് സൗജന്യ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുകയാണ് ലക്ഷ്യമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. ഈ സർക്കാരിന്റെ ആരംഭത്തിൽ 2.5 ലക്ഷം ആളുകൾക്കാണ് പ്രതിവർഷം സൗജന്യ ചികിത്സ നൽകിയതെങ്കിൽ 2024ൽ 6.5 ലക്ഷം പേർക്കാണ് സൗജന്യ ചികിത്സ നൽകിയത്. തുടർച്ചയായി മൂന്ന് വർഷം ഇന്ത്യയിൽ ഏറ്റവും അധികം സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനമാണ് കേരളം. കേരളത്തിന്റെ ഈ നേട്ടം മറ്റ് സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കാനും മറ്റ് സംസ്ഥാനങ്ങളുടെ അനുഭവങ്ങൾ സ്വാംശീകരിക്കാനുമാണ് ദേശീയ ശിൽപശാല സംഘടിപ്പിക്കുന്നത്. കേരളത്തെയും മറ്റ് സംസ്ഥാനങ്ങളെയും യൂണിവേഴ്സൽ ഹെൽത്ത് കവറേജ് കൈവരിക്കുന്നതിലേക്ക് അടുപ്പിക്കാൻ ഇവിടത്തെ ചർച്ചകൾ സഹായിക്കും. ഒരുമിച്ച് പ്രവർത്തിക്കുകയും പരസ്പരം പഠിക്കുകയും ചെയ്യുന്നതിലൂടെ ജനങ്ങളുടെ ആവശ്യങ്ങൾക്കനുസൃതമായി സുസ്ഥിരവും കാര്യക്ഷമവുമായ ആരോഗ്യ ധനസഹായ മാതൃകകൾ സൃഷ്ടിക്കാൻ കഴിയുമെന്നും മന്ത്രി വ്യക്തമാക്കി. 'അനുഭവ സദസ് 2.0' ദേശീയ ശിൽപശാല ഓൺലൈനിലൂടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

കേരളത്തിലെ ആദ്യത്തെ മാസ് ഹെൽത്ത് ഫിനാൻസിംഗ് പ്രോഗ്രാം 2008-ൽ എൽ.ഡി.എഫ് സർക്കാരാണ് ആവിഷ്ക്കരിച്ചത്. തുടർന്ന് കേന്ദ്ര പിന്തുണയുള്ള കുടുംബങ്ങൾക്കപ്പുറം സംസ്ഥാനത്തെ ബിപിഎൽ പട്ടികയ്ക്ക് കീഴിലുള്ള കുടുംബങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് അത് വിപുലീകരിച്ചു. കൂടാതെ ക്യാൻസർ, ട്രോമ സേവനങ്ങൾ തുടങ്ങിയ ഗുരുതരമായ പരിചരണം ഉൾപ്പെടുത്തുന്നതിനും പാക്കേജ് വിപുലീകരിച്ചു. തുടർന്നാണ് 5 ലക്ഷം രൂപ വരെ ആരോഗ്യ പരിരക്ഷ ലഭിക്കുന്ന കാസ്പ് പദ്ധതി നടപ്പിലാക്കിയത്. നിലവിൽ കാസ്പിന് കീഴിലുള്ള 42 ലക്ഷം ഗുണഭോക്താക്കളിൽ 20 ലക്ഷത്തിലധികം പേർക്കും പൂർണമായും സംസ്ഥാനമാണ് ധനസഹായം നൽകുന്നത്. വിവിധ സൗജന്യ ചികിത്സകൾക്കായി പ്രതിവർഷം 1600 കോടി രൂപയാണ് സർക്കാർ ചെലവഴിക്കുന്നത്. എന്നാൽ കേന്ദ്രം സംസ്ഥാനത്തിന് നൽകുന്നത് 150 കോടി രൂപ മാത്രമാണ്. മൊത്തം ചെലവിന്റെ 10 ശതമാനം മാത്രമാണ് കേന്ദ്രം അനുവദിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ ഖോബ്രഗഡെ അധ്യക്ഷത വഹിച്ച ചടങ്ങിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി എക്സിക്യുട്ടീവ് ഡയറക്ടർ ഡോ. രത്തൻ ഖേൽക്കർ സ്വാഗതം ആശംസിച്ചു. പ്ലാനിംഗ് ബോർഡ് വിദഗ്ധ അംഗം ഡോ. പി.കെ. ജമീല, നാഷണൽ ഹെൽത്ത് അതോറിറ്റി അഡീഷണൽ സിഇഒ കിരൺ ഗോപാൽ വസ്ക, എൻഎച്ച്എം സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. വിനയ് ഗോയൽ, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന, സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ജോയിന്റ് ഡയറക്ടർ ഡോ. ഇ. ബിജോയ് എന്നിവർ പങ്കെടുത്തു.

# 'ഉദ്യമ 1.0' ഉന്നതവിദ്യാഭ്യാസ കോൺക്ലേവ് 7 മുതൽ 10 വരെ തിരുവനന്തപുരത്ത്

കേരളത്തെ വിജ്ഞാന സമൂഹമാക്കി പരിവർത്തനപ്പെടുത്താനും ഉന്നതവിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുന്നതിന്റെ അടുത്തഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ഡിസംബർ 7 മുതൽ 10 വരെ തിരുവനന്തപുരത്ത് ഉദ്യമ 1.0 എന്ന പേരിൽ ഉന്നതവിദ്യാഭ്യാസ കോൺക്ലേവ് സംഘടിപ്പിക്കും. ജനുവരിയിൽ കൊച്ചിൻ സർവ്വകലാശാലയിൽ നടക്കുന്ന കോൺക്ലേവിന്റെ പ്രാരംഭമായി സംഘടിപ്പിക്കുന്ന ഉദ്യമ 1.0 യുടെ ഭാഗമായി ലോകോത്തര വീക്ഷണമുൾക്കൊള്ളുന്ന വിഷൻ ഡോക്യുമെന്റിന്റെ കരട് പ്രകാശനം ചെയ്യുമെന്ന് ഉന്നതവിദ്യാഭ്യാസ മന്ത്രി ഡോ ആർ ബിന്ദു വാർത്താസമ്മേളനത്തിൽ അറിയിച്ചു.

നാലാം വ്യാവസായിക വിപ്ലവത്തിന്റെ അനന്തരഫലമായി ലോകത്താകമാനം തൊഴിൽമേഖല നേരിടുന്ന സങ്കീർണ്ണമായ വെല്ലുവിളികളെ അതിജീവിക്കുന്നതിന് പ്രാപ്തമാക്കുന്ന പരിപാടിയാണിത്. നിലവിലുള്ള പാഠ്യക്രമങ്ങളും സാങ്കേതികപരിശീലന പരിപാടികളും കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിന് സാങ്കേതിക വിദ്യാവിഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിലാണ് കോൺക്ലേവ് സംഘടിപ്പിക്കുന്നത്. കാലാനുസൃതമായി വെല്ലുവിളികളെ മറികടന്ന് വ്യവസായവും വിദ്യാഭ്യാസവും തമ്മിലുള്ള അന്തരം എങ്ങനെ ഇല്ലാതാക്കാം എന്നതിൽ പ്രധാന്യം നൽകിയാണ് ഉദ്യമ 1.0 ഒരുക്കുന്നത്.

വ്യവസായമേഖലയും സാങ്കേതികസ്ഥാപനങ്ങളും തമ്മിൽ സഹകരണം ഉറപ്പുവരുത്തുക. സാങ്കേതികവിദ്യാ കൈമാറ്റം, പുത്തൻ സാങ്കേതികവിദ്യകളുടെ ഉപയോഗം, ലാബുകളുടെയും വർക്ഷോപ്പുകളുടെയും നവീകരണം എന്നിവ സാധ്യമാക്കണ്ടേതുണ്ട്. ഇതിനായി അന്താരാഷ്ട്ര നിലവാരത്തിലുള്ള പാഠ്യക്രമം നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള സാധ്യതകളെ സംബന്ധിച്ച് സാങ്കേതികവിദഗ്ധർ അധ്യാപകർ, വിദ്യാർത്ഥി പ്രതിനിധികൾ, പൂർവ്വവിദ്യാർത്ഥികൾ തുടങ്ങിയവർ ഉൾപ്പെടുന്ന സംവാദങ്ങൾ നടക്കും. അന്തർദേശീയ രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച മലയാളിസംരംഭകരും സാങ്കേതികവിദഗ്ധരും സർക്കാർ പ്രതിനിധികളും ചർച്ചകൾ നയിക്കും.

ഡിസംബർ ഏഴിന് ആരംഭിക്കുന്ന നാലുദിന കോൺക്ലേവ് ഡിസംബർ 10ന് സമാപിക്കുമ്പോൾ ഒരു വിഷൻ ഡോക്യുമെന്റ് രൂപീകരിക്കാൻ ഉതകുന്ന മാർഗ്ഗ രേഖകൾ സർക്കാരിന് സമർപ്പിക്കും. വിവിധ സാങ്കേതിക മേഖലകളിൽ നിന്നുള്ള വിദഗ്ധർ, വ്യവസായ പ്രതിനിധികൾ എന്നിവരുൾപ്പെട്ട പാനലിന്റെ ചർച്ചകളിലൂടെ രൂപപ്പെടുന്ന ആശയങ്ങളും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വാംശീകരിച്ചാണ് വിഷൻ ഡോക്യുമെന്റ് തയാറാക്കുന്നത്. ഇതിലൂടെ സാങ്കേതികവിദ്യാഭ്യാസ വകുപ്പിനെ വരും ദശാബ്ദത്തിലേക്ക് നയിക്കുന്ന സമഗ്രമായ ഒരു കാഴ്ചപ്പാട് ഉദ്യമ 1.0 രൂപീകരിക്കും.

കോൺക്ലേവിനു മുന്നോടിയായി നടത്തിയ 107 പ്രീ-കോൺക്ലേവ് ഇവെന്റുകൾ ഉദ്യമ1.0ന് മുന്നോടിയായി പൂർത്തിയാക്കി റിപ്പോർട്ടുകൾ സമാഹരിച്ചു. മികച്ച രീതിയിൽ തയ്യാറാക്കിയ കോൺക്ലേവ് ഇവെന്റുകൾക്ക് അവാർഡുകളും ഉദ്യമയുടെ ഉദ്ഘാടനവേദിയിൽ സമ്മാനിക്കും.

ഡിസംബർ ഏഴിന് ഉച്ചയ്ക്ക് 1.30ന് തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ കോൺക്ലേവ് ഉന്നതവിദ്യാഭ്യാസ, സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു ഉദ്ഘാടനം ചെയ്യും. പൊതുവിദ്യാഭ്യാസ, തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടിയുടെ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ഡോ. അനിൽ സഹസ്രബുദ്ധ വിശിഷ്ടാതിഥി ആയിരിക്കും.

ഡിസംബർ എട്ടു മുതൽ പത്തു വരെ തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ നൂതന വ്യവസായശാലകൾ, എൻജിനിയറിങ് വിദ്യാഭ്യാസം, ജോലി സാധ്യതകൾ എന്നീ വിഷയങ്ങളിലായി പതിനാറു സെഷനുകളിൽ അറുപതിൽപരം വിദഗ്ധർ നയിക്കുന്ന ചർച്ചകൾ നടക്കും. കേരളത്തിലെ വിവിധ എഞ്ചിനീയറിങ് പോളിടെക്നിക് കോളേജുകളിൽ നിന്നും നാന്നൂറിൽപരം അദ്ധ്യാപകരും ചർച്ചകളിൽ പങ്കെടുക്കും.

വിദ്യാർത്ഥികളുടെ നൂതന ഗവേഷണ ഉത്പന്നങ്ങളുടെ പ്രദർശനമേള ഡിസംബർ ഏഴിന് രാവിലെ പത്തുമണിക്ക് പാളയം എൽഎംഎസ് കോമ്പൗണ്ടിലെ സിഎസ് ഐ വിമൻസ് സെന്റർ ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്യും. പ്രദർശനമേള ഡിസംബർ ഒൻപതിന് വൈകുന്നേരം വരെ തുടരും. പ്രദർശനമേളയിൽ പ്രവേശനം സൗജന്യമാണ്.

സാങ്കേതികവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വരുന്ന വിവിധ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ പങ്കെടുക്കുന്ന കലാപരിപാടികൾ ഡിസംബർ ഏഴിന് ടാഗോർ തിയേറ്ററിലും 8. 9 തീയതികളിലായി പാളയം എൽഎംഎസ് കോമ്പൗണ്ടിലെ സി എസ് ഐ വിമൻസ് സെന്റർ ഓഡിറ്റോറിയത്തിലും വൈകിട്ട് 5.30 മുതൽ 9.30 വരെ ഉണ്ടാകും.

ഡിസംബർ പത്തിന് മസ്കറ്റ് ഹോട്ടലിൽ നടക്കുന്ന ഐഎജി കോൺക്ലേവ് ഗ്രാൻഡ് ഫിനാലെ ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ പങ്കെടുക്കും. ചടങ്ങിൽ വിഷൻ ഡോക്യുമെന്റിന്റെ കരട് പ്രകാശനം ചെയ്യുമെന്നും മന്ത്രി അറിയിച്ചു.

ഉദ്യമ 1.0 കോൺക്ലേവിന്റെ കൂടുതൽ വിവരങ്ങൾ ൗറ്യമാമറലേസല്യമഹമ.ശി വെബ്സൈറ്റിൽ ലഭ്യമാണ്.

# പരിശീലനത്തിന് അപേക്ഷിക്കാം

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ കീഴിലുള്ള റീച്ചിൽ എൻ.എസ്.ഡി.സി (ചടഉഇ) അംഗീകൃത കോഴ്സുകളായ പൈത്തൺ പ്രോഗ്രാമിങ്, ഡാറ്റാ സയൻസ് തുടങ്ങിയ നിരവധി കോഴ്സുകളിലേക്ക് പരിശീലനം നൽകുന്നു. പ്ലസ് ടു, ഡിഗ്രി പാസായവർക്ക് ഡിസംബർ 17നകം അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക്: 0471 2365445, 9496015002, വെബ്സൈറ്റ്: www.reach.org.in



അതിദാരിദ്ര്യ നിർമാർജനം, മാലിന്യ സംസ്കരണം, പാലിയേറ്റീവ് മേഖല എന്നിവയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ നടന്ന യോഗം

# പ്രവീൺ നെട്ടാരു വധക്കേസ്; കേരളമടക്കം മൂന്ന് സംസ്ഥാനങ്ങളിൽ എൻഐഎ റെയ്ഡ്

ബംഗളൂരു: കർണാടകയിലെ യുവമോർച്ച നേതാവ് പ്രവീൺ നെട്ടാരുവിനെ കൊലപ്പെടുത്തിയ കേസിൽ പ്രതികൾക്കായി എൻഐഎ റെയ്ഡ്. കർണാടക, തമിഴ്നാട്, കേരളം എന്നീ സംസ്ഥാനങ്ങളിലെ 16 ഇടങ്ങളിലാണ് റെയ്ഡ്.

കേരളത്തിൽ എറണാകുളത്തും കാസർഗോട്ടും പരിശോധന നടക്കുന്നതായാണ് വിവരം. കേസിൽ മുൻ പോപ്പുലർ ഫ്രണ്ട് പ്രവർത്തകരായ ഏഴ് പേർ ഒളിവിലാണ്. കേസിലെ പ്രധാന പ്രതി മുസ്തഫ പൈച്ചറെ നേരത്തെ എൻഐഎ അറസ്റ്റ് ചെയ്തിരുന്നു.

ദക്ഷിണ കർണാടകയിലെ യുവമോർച്ച നേതാവായിരുന്നു പ്രവീൺ നെട്ടാരു. 2022 ജൂലൈ 26 നായിരുന്നു പ്രവീൺ നെട്ടാരുവിനെ ബൈക്കിലെത്തിയ സംഘം വെട്ടിക്കൊലപ്പെടുത്തിയത്. ദക്ഷിണ കന്നഡയിലെ ബെല്ലാരി ഗ്രാമത്തിൽ വച്ചായിരുന്നു ആക്രമണം. സംഭവത്തിൽ 21 പേരെ പ്രതികളാക്കി കഴിഞ്ഞ ജനുവരിയിൽ എൻഐഎ കുറ്റപത്രം സമർപ്പിച്ചിരുന്നു.

# ഇടവേള ബാബുവിനെതിരായ ബലാത്സംഗക്കേസ്: സ്റ്റേ രണ്ടാഴ്ചത്തേക്ക് നീട്ടി ഹൈക്കോടതി

കൊച്ചി: നടനും അമ്മ മുൻ ഭാരവാഹിയുമായ ഇടവേള ബാബുവിനെതിരായ ബലാത്സംഗക്കേസിൽ സ്റ്റേ രണ്ടാഴ്ചത്തേക്ക് കൂടി നീട്ടി ഹൈക്കോടി. കേസ് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് ഇടവേള ബാബു നൽകിയ ഹർജിയിലാണ് കോടതി നടപടി. ആലുവ സ്വദേശിയായ നടിയുടെ പരാതിയിൽ എറണാകുളം സെൻട്രൽ പോലീസാണ് ഇടവേള ബാബുവിനെതിരെ കേസെടുത്തത്. അമ്മ സംഘടനയിൽ അംഗത്വം നൽകാമെന്ന് പറഞ്ഞ് വിളിച്ചുവരുത്തിയ ശേഷം അപമര്യാദയായി പെരുമാറിയെന്നാണ് കേസ്.കേസുമായി ബന്ധപ്പെട്ട് അമ്മ ഓഫീസിലും കലൂരിലെ ഫ്ലാറ്റിലും പോലീസ് പരിശോധന നടത്തിയിരുന്നു. കേസിൽ ഇടവേള ബാബുവിനെ അറസ്റ്റ് ചെയ്തെങ്കിലും വിട്ടയച്ചിരുന്നു. കേസിൽ ഇടവേള ബാബുവിന് എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതി മുൻകൂർ ജാമ്യം അനുവദിച്ചിരുന്നു.

# കർഷക പ്രക്ഷോഭം വീണ്ടും കത്തുന്നു; സർക്കാരിനെതിരേ വിമർശനവുമായി ഉപരാഷ്ട്രപതി

മുംബൈ: കർഷക പ്രക്ഷോഭം വീണ്ടും കത്തുന്നതിനിടെ കേന്ദ്ര സർക്കാരിനെതിരേ വിമർശനവുമായി ഉപരാഷ്ട്രപതി ജഗദീപ് ധൻകർ. കർഷകരുമായി യാതൊരു ചർച്ചകളും നടക്കുന്നില്ലെന്നും കഴിഞ്ഞ സർക്കാരുകൾ നൽകിയ ഉറപ്പുകൾ എന്തായി എന്നും ധൻകർ ചോദിച്ചു.

എന്തുകൊണ്ടാണ് കർഷകരുമായി ചർച്ചകൾ പോലും നടക്കാത്തത് എന്ന് എനിക്ക് മനസിലാകുന്നേയില്ല. ആരും ഇതിന് മുതിരുന്നില്ല എന്നത് കൂടിയാണ് തന്റെ ആശങ്ക.

കേന്ദ്ര കൃഷിമന്ത്രി ഇവിടെയുണ്ടല്ലോ. നിങ്ങൾക്ക് മുൻപുണ്ടായിരുന്ന കൃഷിമന്ത്രി എന്തെല്ലാം ഉറപ്പുകളാണ് നൽകിയതെന്ന് ഓർമയുണ്ടോ . അവയിൽ എന്തെല്ലാം പാലിക്കപ്പെട്ടെന് അറിയുമോ .

സർദാർ വല്ലഭായ് പട്ടേൽ ചെയ്തത് പോലെ ആകണം കൃഷിമന്ത്രി ഇക്കാര്യത്തിൽ പ്രവർത്തിക്കേണ്ടത് എന്നും അദ്ദേഹം ഓർമിപ്പിച്ചു. മുംബൈയിൽ നടന്ന ഒരു ചടങ്ങിൽ കേന്ദ്ര കൃഷിമന്ത്രി ശിവരാജ് സിംഗ് ചൗഹാനെ വേദിയിലിരുത്തിയായിരുന്നു ഉപരാഷ്ട്രപതിയുടെ വിമർശനം.

# പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്

കോളേജ് വിദ്യാഭ്യാസവകുപ്പ് മുഖേന കേന്ദ്ര സാമൂഹിക നീതി മന്ത്രാലയം നടപ്പിലാക്കുന്ന പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ഫോർ സ്റ്റുഡന്റ്സ് വിത്ത് ഡിസബിലിറ്റീസ് സ്കോളർഷിപ്പിനായി (ഫ്രഷ്, റിന്യൂവൽ) വിദ്യാർഥികൾക്ക് വേുേ/രെവീഹീൃവെശു.ഴീ.ശി വെബ്സൈറ്റിലൂടെ ഡിസംബർ 15 വരെ അപേക്ഷിക്കാം. ഇൻസ്റ്റിറ്റ്യൂഷൻ തലത്തിലുള്ള ഓൺലൈൻ വെരിഫിക്കേഷനുള്ള അവസാന തീയതി ഡിസംബർ 31 വരെ നീട്ടി. ഫോൺ: 9446096580. ഇ-മെയിൽ: postmatricscholarship@gmail.com.

# രാജ്യത്തെ ഏറ്റവും മികച്ച അഞ്ചാമത്തെ പോലീസ് സ്റ്റേഷനായി ആലത്തൂർ പോലീസ് സ്റ്റേഷനെ തിരഞ്ഞെടുത്തു

പാലക്കാട്: രാജ്യത്തെ ഇക്കൊല്ലത്തെ ഏറ്റവും മികച്ച അഞ്ചാമത്തെ പോലീസ് സ്റ്റേഷനായി പാലക്കാട് ജില്ലയിലെ ആലത്തൂർ പോലീസ് സ്റ്റേഷനെ കേന്ദ്ര ആഭ്യന്തര മന്ത്രാലയം തിരഞ്ഞെടുത്തു. വിലയിരുത്തലിന്റെ അവസാനഘട്ടത്തിൽ എത്തിയ 76 പോലീസ് സ്റ്റേഷനുകളിൽ നിന്നാണ് ആലത്തൂർ സ്റ്റേഷൻ ഈ നേട്ടം കൈവരിച്ചത്.

വിവിധതരത്തിലുള്ള കുറ്റാന്വേഷണങ്ങൾ, ക്രമസമാധാനപാലനം, അടിസ്ഥാന സൗകര്യങ്ങൾ, പോലീസ് ഉദ്യോഗസ്ഥരുടെ പെരുമാറ്റം, ലോക്കപ്പും റിക്കാർഡ് റൂം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ എന്നിങ്ങനെ നിരവധി മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് കേന്ദ്ര ആഭ്യന്തരമന്ത്രാലയം മികച്ച പോലീസ് സ്റ്റേഷനുകളെ തെരഞ്ഞെടുത്തത്.

സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങളിൽ സ്വീകരിച്ച നടപടി, കേസുകളിലെ അന്വേഷണ പുരോഗതി, പരാതി പരിഹാരം, പരാതിക്കാരോടുള്ള നല്ല പെരുമാറ്റം, കുറ്റകൃത്യങ്ങൾ തടയാനുള്ള നടപടികൾ എന്നിവയിലെ മികവും മറ്റു ജനക്ഷേമ പ്രവർത്തനങ്ങളും പരിഗണനാവിഷയമായി. മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം, കണ്ണൂർ സിറ്റിയിലെ വളപട്ടണം എന്നീ പോലീസ് സ്റ്റേഷനുകൾ മുൻവർഷങ്ങളിൽ രാജ്യത്തെ ഏറ്റവും മികച്ച 10 പോലീസ് സ്റ്റേഷനുകളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്.

# കൊടകര കുഴൽപ്പണ കേസ്; അന്വേഷണം അവസാനഘട്ടത്തിലെന്ന് ഇഡി ഹൈക്കോടതിയിൽ

കൊച്ചി: കൊടകര കുഴൽപ്പണ കേസിലെ അന്വേഷണം അവസാന ഘട്ടത്തിലെന്ന് ഇഡി ഹൈക്കോടതിയെ അറിയിച്ചു. കുറ്റപത്രം ഉടൻ സമർപ്പിക്കുമെന്നും അന്വേഷണ പുരോഗതി റിപ്പോർട്ട് സമർപ്പിക്കാൻ സാവകാശം വേണമെന്നും എൻഫോഴ്സ്മെൻറ് ആവശ്യപ്പെട്ടു.

മൂന്നാഴ്ചത്തെ സാവകാശം അനുവദിച്ച കോടതി ഹർജി പിന്നീട് പരിഗണിക്കാൻ മാറ്റി. കുഴൽപ്പണ കവർച്ചാക്കേസിലെ 51-ാം സാക്ഷി സന്തോഷ് നൽകിയ ഹർജിയിൽ ഇഡി, ആദായ നികുതി വകുപ്പ്, തെരഞ്ഞെടുപ്പ് കമ്മീഷൻ എന്നിവരോട് സിംഗിൾ ബെഞ്ച് നേരത്തെ വിശദീകരണം തേടിയിരുന്നു.

2021ലെ നിയമസഭാ തെരഞ്ഞെടുപ്പ് കാലത്ത് കർണാടകയിൽ നിന്ന് ബിജെപിക്കായി കേരളത്തിലേക്ക് കൊണ്ടുവന്ന മൂന്നരക്കോടി രൂപ കവർച്ച ചെയ്തെന്നാണ് കേസ്. ഹവാല ഇടപാടിലൂടെ കൊണ്ടുവന്ന കള്ളപ്പണമാണ് കവർച്ച ചെയ്തതെന്ന സംസ്ഥാന പോലീസ് കണ്ടെത്തലിലാണ് ഇഡി അന്വേഷണം.

# എലത്തൂരിലെ ഇന്ധന ചോർച്ചയുടെ വ്യാപ്തി ചെറുതല്ല; ജലാശയങ്ങൾ മലിനമായിട്ടുണ്ടെന്ന് കളക്ടർ

കോഴിക്കോട്: എലത്തൂരിലെ ഇന്ധന ചോർച്ച ഗുരുതര പ്രശ്നമെന്ന് കോഴിക്കോട് ജില്ലാ കളക്ടർ സ്നേഹിൽ കുമാർ സിംഗ്. ഡീസൽ ചോർച്ചയുടെ വ്യാപ്തി ചെറുതല്ലെന്നും ജലാശയങ്ങൾ മലിനമായിട്ടുണ്ടെന്നും അദ്ദേഹം പ്രതികരിച്ചു.

എച്ച്പിസിഎല്ലിലെ മെക്കാനിക്കൽ, ഇലക്ട്രോണിക് സംവിധാനങ്ങൾ പരാജയപ്പെട്ടു. മലിനമായ പുഴകളും മറ്റും ശുചീകരിക്കാൻ അതിവേഗ നടപടി സ്വീകരിക്കുമെന്നും കളക്ടർ അറിയിച്ചു.

മലിനമായ മണ്ണും വെള്ളവും ശുചീകരിക്കണം. മുംബൈയിൽനിന്ന് കെമിക്കൽ കൊണ്ടുവന്ന് ശുചീകരണം നടത്തുമെന്നും അദ്ദേഹം പറഞ്ഞു.

എലത്തൂരിലെ ഹിന്ദുസ്ഥാൻ പെട്രോളിയം കോർപറേഷൻ ഡിപ്പോയ്ക്ക് സമീപമുള്ള ഓടയിലൂടെ ബുധനാഴ്ചയാണ് ഡീസൽ ഒഴുകിയെത്തിയത്. പ്രദേശവാസികൾ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതോടെ പ്രശ്നം പരിഹരിച്ചെന്ന് എച്ച്പിസിഎൽ അവകാശപ്പെട്ടിരുന്നു. എന്നാൽ ഇന്ന് രാവിലെ വീണ്ടും ഇന്ധന ചോർച്ച ശ്രദ്ധയിൽപ്പെട്ടതോടെ നാട്ടുകാർ പ്രതിഷേധം ശക്തമാക്കിയിരുന്നു.

തുടർന്ന് ഇന്ധന ചോർച്ച ഉണ്ടായ സ്ഥലത്ത് ദുരന്ത നിവാരണ അതോറിറ്റി, മലിനീകരണ നിയന്ത്രണ ബോർഡ്, കോർപറേഷനിലെ ആരോഗ്യ വിഭാഗം എന്നിവർ ചേർന്ന് സംയുക്ത പരിശോധന നടത്തിയിരുന്നു.